# വിദ്യുത് തരംഗം

വി.പി. മരയ്ക്കാർ സ്മാരക മന്ദിരം – അംബുജവിലാസം റോഡ്, തിരുവനന്തപുരം

വിശേഷാൽ പതിപ്പ്




അങ്ങ് പകർന്ന ഊർജ്ജം
എന്നും ഞങ്ങളുടെ ചാലകശക്തി.





# തസ്തികകൾ വെട്ടിയരിയുന്നു. ഇന്ന് ഞാൻ നാളെ നീ

1998-ലെ ഇടത് വൈദ്യുതി നയപ്രകാരം പതിനായിരത്തോളം തസ്തികകൾ ഇല്ലാതാക്കി. BJP യുടെ കേന്ദ്ര വൈദ്യുതി നിയമത്തിന് മുമ്പ് തന്നെ കേരളത്തിലെ ഇടത് സർക്കാർ KSEB യെ വെട്ടിമുറിക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചു. കെ.എസ്.ഇ.ബി. എന്ന ഒറ്റ സ്ഥാപനത്തെ 5 ലാഭകേന്ദ്രകമ്പനികളാക്കണമെന്നും ഓരോ കമ്പനിയും 15% ലാഭമുണ്ടാക്കണമെന്നും ഉത്തരവിറക്കി. (കെ.എസ്.ഇ.ബി. യെ നിയന്ത്രിക്കാൻ ഒരു റെഗുലേറ്ററി കമ്മീഷൻ വേണമെന്ന് കണ്ടുപിടിത്തം നടത്തി.) ഓരോ കമ്പനിയിലേയും നിയമനങ്ങൾ അവരവർ സ്വന്തമായി നടത്താമെന്നും PSC വഴി വേണമെന്നില്ലാതെയും ഉത്തരവിറക്കി. ഇതിനൊക്കെ നേതൃത്വം കൊടുത്ത ഇവിടുത്തെ ഒരു ഓഫീസർ സംഘടനയും ഇടതു സംഘടനകളും പുതിയ കണ്ടുപിടിത്തങ്ങളുമായി ഇറങ്ങിത്തിരിച്ചിരിക്കുന്ന ദുരവസ്ഥയാണ് ഇപ്പോഴുള്ളത്. ഈ ഉത്തരവുകളൊക്കെ ചേർത്ത്വച്ചാണ് പിന്നീട് BJP കേന്ദ്രത്തിൽ വൈദ്യുതി നിയമം 2003-ൽകൊണ്ടുവന്നത്. 2003മുതൽ 2006 വരെ കേരളം ഭരിച്ചിരുന്ന UDF സർക്കാർ കെ.എസ്.ഇ.ബി.യെ പിരിച്ച് വിട്ടില്ല. എന്നാൽ പിന്നീട് വന്ന ഇടത് സർക്കാർ കെ.എസ്.ഇ.ബി.യെ പിരിച്ച് വിട്ട് കമ്പനിയാക്കി ഉത്തരവിറക്കി. കേന്ദ്ര നിയമമുണ്ടെങ്കിലും കൺകറന്റ് ലിസ്റ്റിൽപ്പെട്ട വൈദ്യുതി ബോർഡിനെ സംസ്ഥാന സർക്കാരിന് നിലനിർത്താമായിരുന്നുവെങ്കിലും അത് അന്ന് ചെയ്തില്ല. പിരിച്ചുവിടുന്നതിന് തൊട്ടുമുമ്പ് നിയമസഭയിൽ ഒരു പ്രമേയമെങ്കിലും പാസ്സാക്കാമായിരുന്നു.ഏതായാലും ഇപ്പോൾ നാമെല്ലാം വൈദ്യുതി നിയമത്തിനും Amendment നും എതിരെ ഒറ്റക്കെട്ടായി പൊരുതുന്നു. ഇപ്പോൾ ഏത് കേന്ദ്ര നിയമം പറഞ്ഞിട്ടാണ്. മീറ്റർ റീഡർ തസ്തിക വേണ്ടായെന്ന് വച്ചത്. കാഷ്യർ തസ്തിക വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചത് ഏത് കേന്ദ്രനിയമം പറഞ്ഞിട്ടാണ്. ഏതൊരു സ്ഥാപനത്തിന്റെയും അടിസ്ഥാനം റവന്യൂ വരുമാനം ആണ്. റവന്യൂ വരുമാനം തകർക്കുന്നതിനുള്ള നീക്കമാണിപ്പോൾ നടക്കുന്നത്. ആദ്യം മീറ്റർ റീഡർ തസ്തികകൾ വെട്ടിക്കുറച്ചു. പിന്നീട് ഇപ്പോൾ ഇതാ കാഷ്യർ തസ്തികയും കുറയ്ക്കാനുള്ള നീക്കങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതോടൊപ്പം സീനിയർ അസിസ്റ്റന്റും വേണ്ടായെന്ന് പറയുന്നു. എല്ലാ ജോലിയും ഞങ്ങൾ ചെയ്തോളമെന്നാണ് പറയുന്നതതാര്? ബോർഡ് ഡയറക്ടേഴ്സോ......?ആർക്കറിയാം. കാഷ്യർ വിഷയത്തിൽ ഇവിടുത്തെ ഉദ്യോഗസ്ഥർ മന്ത്രിയെ തെറ്റിദ്ധരിപ്പിച്ചു എന്നതിന്റെ തെളിവാണ് ചർച്ച വ്യക്തമായ conclusion ഇല്ലാതെ അവസാനിപ്പിച്ചത്. മറ്റു വിഭാഗങ്ങളും ആശ്വസിക്കേണ്ട പുതിയ PMU സംവിധാനം കൊണ്ടുവന്നതെന്തിനാണ്. Distribution മേഖലയെ തകർക്കുന്നതിനും അതുവഴി LM, OVR, SE തസ്തികകൾ ഇല്ലാതാക്കുന്നതിനും ഇവിടുത്തെ ഇടത് ഓഫീസർ സംഘടന മിക്കവാറും ജില്ലകളിൽ സൊസൈറ്റികൾ രജിസ്റ്റർ ചെയ്തത് എന്തിനെന്ന് അറിയണം. 2010-ലെ ഇടതുകാലത്ത് മീറ്റർ റീഡിംഗ് കുടുംബശ്രീയെ ഏൽപ്പിച്ചതും INTUC എതിർത്തപ്പോൾ വേണ്ടായെന്ന് വച്ചതും ആരും മറന്നിട്ടില്ല. അടുത്തിടെ KSRTC യിലെ ബുക്കിംഗ്/ടിക്കറ്റ് കൗണ്ടർ കുടുംബശ്രീയെ ഏൽപ്പിച്ചതും എല്ലാം ശരിയാക്കുന്നതിന്റെ ഭാഗമാണ്. ഇവിടെയും എല്ലാ തസ്തികകളിലും അത് നടപ്പാക്കാനാണ് നീക്കം. 4500 ഓളം വരുന്ന HT / EHT ഉപഭോക്താക്കൾക്ക് ആദ്യം Automated Meter Reading (AMR) കൊണ്ടുവന്നിട്ട്പോരെ സ്മാർട്ട് മീറ്റർ. പക്ഷേ അപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മാസാമാസം HT ഉപഭോക്താക്കളെ സന്ദർശിക്കാനും ഡയറിയുടെ പേരിൽ വൻതുക കൈക്കലാക്കാനും പറ്റില്ലല്ലോ. നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്ന മീറ്റർ റീഡർ നിയമനം ഇല്ലാതാക്കിയതുപോലെ കാഷ്യർ തസ്തികയും വെട്ടിയരിയാൻ പോകുന്നു. 98 ആവർത്തിക്കുന്നു. മോഡൽ സെക്ഷൻ സംവിധാനത്തിന്റെ ഭാഗമായാണ് ഷിഫ്റ്റ് സമ്പ്രദായം ക്യാഷ് കളക്ഷനിലും വന്നത്. മോഡൽ സെക്ഷൻ വേണ്ടായെന്ന് വയ്ക്കുന്നെങ്കിൽ കൊള്ളാം. അപ്പോൾ ആലോചിച്ചാൽ പോരെ. Rural/ remote മേഖലകളിൽ ഇപ്പോഴും വിങ്ങ് തിരിച്ചെന്നുമല്ലല്ലോ പ്രവർത്തനം നടക്കുന്നത്. ക്യാഷ് കളക്ഷനിൽ ഓൺലൈൻ ചെയ്യുന്നതിനുവേണ്ടി ഉപഭോക്താക്കളിൽ ആവേശം ജനിപ്പിക്കാൻ പരസ്യഇനത്തിൽ കോടികൾ ചിലവാക്കുന്നു. NACH (ബാങ്കിൽനിന്നും നേരിട്ട് ഡെബിറ്റ് ചെയ്യാൻ) വഴി പണം സ്വീകരിക്കുന്നതിനായി ഉപഭോക്താക്കളെ വശീകരിക്കാൻ പല മന്ത്രവാദികളും മന്ത്രം ഉച്ചരിച്ചിട്ടും എത്രപേർ ഇതിൽപ്രകാരം പണമടയ്ക്കുന്നു എന്നത് പുറത്ത് പറഞ്ഞാൽ ഇതിന് ഇറങ്ങി തിരിച്ചവർക്ക് നാണക്കേടാകും. ഓൺലൈൻ പണമിടപാടിന്റെ Gateway ചാർജ് ആര് നൽകും. വ്യക്തമാകുന്നില്ല. തിരുവനന്തപുരം വൈദ്യുതി ഭവനിൽ വച്ചിട്ടുള്ള CDMA മെഷിനിൽ എത്രപേർ പണം നിക്ഷേപിക്കുന്നു. തൊട്ടടുത്ത കേശവദാസപുരം സെക്ഷനിൽ അല്ലേ പണം അടയ്ക്കുന്നത്. അങ്ങനെ പോകുന്നു കാര്യങ്ങൾ. ഒരു കാഷ്യർക്ക് 30000 രൂപ കൊടുത്താൽ ഒരു കുടുംബം രക്ഷപ്പെടില്ലേ. തൊഴിലില്ലായ്മക്കെതിരെ പേരാടുന്ന ഗവൺമെന്റിന്റെ കാലത്ത് ഇത് ചെയ്യുന്നത് തൊഴിലാളി വിരുദ്ധമല്ലേ. സാധാരണക്കാരും കൂലിപ്പണിക്കാരും രാവിലെ 10 മണിക്ക് മുമ്പ് പണം അടയ്ക്കുന്നവരാണ്.

ചിലവ് കുറയ്ക്കാൻ താഴെക്കിടയിൽനിന്നാണോ തുടങ്ങേണ്ടത്. ചീഫ് എഞ്ചിനീയർ 21 ഇല്ലേ, ബോർഡ് ഡയറക്ടേയ്സ് 6 ഇല്ലേ, ഫിനാൻസ് ഡയറക്ടറുടെ പോസ്റ്റ് ഒഴിച്ചിട്ടിരിക്കുന്നത് ചിലവ് കുറയ്ക്കാനാണെന്നു പറഞ്ഞാൽ അരിയാഹാരം കഴിക്കുന്ന ആരും അംഗീകരിക്കില്ല. ഏതൊരു സ്ഥാപനത്തിന്റേയും MD ക്കൊപ്പം ഏറ്റവും ആവശ്യം വേണ്ടുന്നത് ഫിനാൻസ് ഡയറക്ടർ പോസ്റ്റാണ്. എന്തിന് ഒഴിച്ചിട്ടിരിക്കുന്നു. മറ്റ് ഡയറക്ടർ തസ്തികകൾ ഒത്തിരിയില്ലേ. PRO തസ്തികയിൽ റിട്ടയർ ചെയ്തയാളെ വീണ്ടും ജോലി ചെയ്യിച്ച് ബുദ്ധിമുട്ടിപ്പിച്ചു. അധിക ജോലി ചെയ്യിച്ചാൽ നിയമങ്ങൾക്ക് വിരുദ്ധമാകുമേ... MIS ൽ റിട്ടയർ ചെയ്ത വ്യക്തിയെ കുടിയിരുത്തിയിരിക്കുന്നു. നാണമില്ലേ

## കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ പണിമുടക്ക് 2019 ജനുവരി 8,9.

## വെദ്യുതി നിയമ ഭേദഗതി 2018 എതിർക്കപ്പെടണം പേരാട്ടം തുടരണം


### 2018 ഡിസംബർ 18 ന് 14 ജില്ലാ കേന്ദ്രങ്ങളിൽ നടത്തിയ ധർണ്ണയും മാർച്ചും വൻവിജയം

വെദ്യുതി നിയമ ഭേദഗതി 2018 പാർലമെന്റിൽ അവതരിപ്പിക്കാനുള്ള തീരുമാനവുമായി കേന്ദ്ര ഗവൺമെന്റ് പോകുന്നു. ഭേദഗതി വന്നതോടെ വൈദ്യുതി ചാർജ് വർദ്ധിക്കുന്നതുൾപ്പടെയുള്ള പല കാരണങ്ങൾകൊണ്ട് ഈ മേഖല കമ്പോളവത്ക്കരിക്കപ്പെടും. ഇതിനെതിരെ ശക്തയായി പ്രതികരിക്കാനാണ് INTUC യുടെ തീരുമാനം. അതേ സമയം വൈദ്യുതി നിയമ ഭേദഗതിയേപ്പോലെ തന്നെ ഭീകരമായ അവസ്ഥയാണ് കേരളത്തിലെ വെദ്യുതി മേഖലയിൽ കഴിഞ്ഞ രണ്ടരവർഷമായി സംജാതമായിട്ടുള്ളത്. തൊഴിൽ നിയമങ്ങളെ കാറ്റിൽപ്പറത്തിയുള്ള കേന്ദ്രനയം ഇവിടെയും ആവർത്തിക്കുന്നു. അംഗീകൃത സംഘടനകളുമായി ചർച്ച നടത്തി തീരുമാനമെടുത്തശേഷം അതിന് വിരുദ്ധമായി ഉത്തരവിറക്കുന്നത് നിയമവിരുദ്ധമാണ്. തസ്തികകൾ വെട്ടിച്ചുരുക്കൽ, ജനറൽ ട്രാൻസ്ഫർ തുടങ്ങി നിരവധി വിഷയങ്ങളിൽ ഏകാധിപത്യ മനോഭാവം കാണിക്കുന്ന ബോർഡ് മാനേജ്മെന്റിന്റെയും സംസ്ഥാന സർക്കാരിന്റേയും നയങ്ങൾക്കെതിരെ പ്രതികരിക്കാൻ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി) മാത്രമേയുള്ളു. സംസ്ഥാന സർക്കാരിന്റേയും ബോർഡിന്റേയും തെറ്റായ തൊഴിലാളി വിരുദ്ധ നിലപാടുകളെ എതിക്കാത്ത NCCOEEEയുമായി ഒരുമിച്ച് പ്രതിഷേധം വേണ്ടായെന്ന് KEEC യും UDEEF ഉം തീരുമാനിച്ചിരിക്കുകയാണ്.

കേന്ദ്ര സംസ്ഥന സർക്കാരുകളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെയും വെദ്യുതി നിയമ ഭേദഗതിക്കെതിരെയും 2018 ഡിസംബർ 18 ന് ജില്ലാ കേന്ദ്രങ്ങളിൽ കേന്ദ്ര ഗവൺമെന്റ് ഓഫീസുകളിലേയ്ക്ക് പ്രതിഷേധ മാർച്ചും 2019 ജനുവരി 8,9 തീയതികളിൽ പണിമുടക്ക് നടത്താനും ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. വൈദ്യുതി നിയമം പ്രാബല്യത്തിൽ വന്നത് കോൺഗ്രസ്സ് പിന്തുണച്ചതുകൊണ്ടാണെന്ന് ഒരു ഇടതു സംഘടനയുടെ മാസികയിൽ കണ്ടു. നിയമമാകുന്ന അവസരത്തിൽ കോൺഗ്രസ്സും സി.പി.ഐ.എം ഉം പാർലമെന്റിൽ ഉണ്ടായിരുന്നു. കോൺഗ്രസ്സ് ഒറ്റയ്ക്കല്ല എന്ന് ഓർത്താൽ നല്ലത്. ബി.ജെ.പി ക്ക് പാർലമെന്റിൽ ഭൂരിപക്ഷം ഉണ്ടായിരുന്നുവെന്നത് മനസ്സിലാക്കിയാൽ നന്ന്. പശ്ചിമ ബംഗാളിൽ വൈദ്യുതി നിയമം 2003 വരുന്നതിന് മുമ്പുതന്നെ കമ്പനിയാക്കിയിരുന്നു. 2003 ന് മുമ്പേ കൽക്കത്തയിൽ (സി.പി.എം ഭരിക്കുമ്പോൾ) വൈദ്യുതി വിതരണം സ്വാര്യകമ്പനിക്കായിരുന്നു.

## KEEC (INTUC) നേതൃത്വം നൽകുന്ന UDEEF ന്റെ നേതൃത്വം സംബന്ധിച്ച് തർക്കം വേണ്ട.

## ലേബർ കമ്മീഷ്ണറുടെ കത്ത്



നമ്പർ :ഐആർ(5)12072/2018

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം- ●95 033
തീയതി : 11/10/ 2018

രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ്&
ലേബർ കമ്മീഷണർ

സെക്രട്ടറി, (അഡ്മിനിസ്ട്രേഷൻ)
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
ചീഫ് പേഴ്സണൽ ഓഫീസർ,
പേഴ്സണൽഡിപ്പാർട്ട്മെന്റ്, 6-ാം നില, വൈദ്യുതിഭവനം,
പട്ടം, തിരുവനന്തപുരം.

സർ,

വിഷയം:- യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട്- നിലവിലെ ഓഫീസ് ബെയറേഴ്സിന്റെ പട്ടിക സമർപ്പിക്കുന്നത് സംബന്ധിക്കുന്നത്

സൂചന :- 1. താങ്കളുടെ 26/7/2018 തീയതിയിലെ പിഎസ്ഐ(എ)/2199/2018/225 നമ്പർ കത്ത്
2. 25/9/2018 തീയതിയിലെ തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറുടെ എൽ ആർ(1) 2984/18 നമ്പർ കത്ത്

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. യുണൈറ്റഡ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് എന്ന സംഘടനയുടെ ഭാരവാഹികളുടെ പട്ടിക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിൽ മറുപടി ചുവടെചേർക്കുന്നു.

സൂചന(2) പ്രകാരം തിരുവനന്തപുരം ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് മുമ്പാകെ ടി സംഘടന 2017 വർഷത്തിൽ സമർപ്പിച്ച വാർഷിക റിട്ടേൺ പ്രകാരമുള്ള ഭാരവാഹികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രസിഡന്റ് - കെ.പി ധനപാലൻ(എക്സ്.എം.പി)
ജനറൽ സെക്രട്ടറി- കെ.സി.രാജൻ
ട്രഷറർ - ശ്രീകുമാർ.ബി
സെക്രട്ടറി -1. സതീഷ്കുമാർ എസ് 2. കെ. എൽ മോഹൻ 3. സുധീർകുമാർ.വി
ജോയിന്റ് സെക്രട്ടറി - 1. ഷാഹുൽ ഹമീദ് എ, 2. ഷാജി പൂന്തിലം 3. ഷാജഹാൻ.എം. 4. സേതുനാഥ്
ഓർഗനൈസിംഗ് സെക്രട്ടറി - 1. നൂറുദ്ദീൻ എം. 2. അജിത്കുമാർ ആർ. 3. സുരേന്ദ്രൻ കെ.കെ

സംഘടനാ ഭാരവാഹികളെ സംരക്ഷിത തൊഴിലാളിയായി പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ 1947 ലെ വ്യവസായ തർക്ക നിയമത്തിലെ 33(4) വകുപ്പ് പ്രകാരവും കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിന്റെ റൂൾ (62) പ്രകാരവും താങ്കളുടെ കാര്യാലയത്തിൽ [illegible] സ്വീകരിക്കേണ്ടത് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ട്രേഡ് യൂണിയൻ രജിസ്ട്രാർ&
ലേബർ കമ്മീഷണർക്കുവേണ്ടി

വൈദ്യുതി ബോർഡിൽ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) നേതൃത്വം നൽകുന്ന അംഗീകൃത സംഘടനയായ യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF) ന്റെ ഔദ്യോഗിക ഭാരവാഹികളെ സംബന്ധിച്ച് രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ ആന്റ് ലേബർ കമ്മീഷണർ വൈദ്യുതി ബോർഡ് സെക്രട്ടറിക്ക് നൽകിയ കത്ത്.

UDEEF-ന്റെ പേരിൽ ചില തൽപ്പര കക്ഷികൾ ബോർഡ് മാനേജ്മെന്റിനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതിനെ തുടർന്നാണ് ബോർഡ് സെക്രട്ടറി തന്നെ ലേബർ കമ്മീഷണറെ സമീപിച്ചത്. കെ.പി.ധനപാലൻ പ്രസിഡന്റ്, കെ.സി.രാജൻ ജനറൽ സെക്രട്ടറി, ശ്രീകുമാർ. ബി ട്രഷറർ തുടങ്ങിയവർ നയിക്കുന്ന സംഘടനയാണ് ഔദ്യോഗിക സംഘടനയെന്ന് ലേബർ കമ്മീഷണറുടെ തീരുമാനത്തോടെ വൈദ്യുതി ബോർഡിൽ ഇനി നടത്തുന്ന എല്ലാ ചർച്ചകളിലും മേൽ ഭാരവാഹികളെ അംഗീകരിക്കുന്നവർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളു.

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി.) സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് മുൻ മുഖ്യമന്ത്രി **ശ്രീ. ഉമ്മൻചാണ്ടി** ഉദ്ഘാടനം ചെയ്യുന്നു. പ്രസിഡന്റ് ശ്രീ. കെ.പി. ധനപാലൻ എക്സ് എം.പി., യുഡിഎഫ് കൺവീനർ ബെന്നി ബഹനാൻ, ഐഎൻറ്റിയുസി ദേശീയ സെക്രട്ടറി പാലോട് രവി എന്നിവർ സമീപം





# പ്രതിസന്ധികൾ അതിജീവിച്ച് കോൺഫെഡറേഷൻ കരുത്തോടെ മുന്നോട്ട്

## CEA റഗുലേഷൻ നടപ്പാക്കാൻ എന്താണ് ഇത്ര ധൃതി

വൈദ്യുതി ജീവനക്കാരുടെ അവകാശ സമരാങ്കണത്തിൽ എന്നും മുന്നണിപ്പോരാളിയായി പോരാടിയ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് കരുത്തോടെ മുന്നോട്ടുതന്നെ കുതിക്കുന്നു. ശ്രീ. ജി.കാർത്തികേയൻ വൈദ്യുതിമന്ത്രിയായിരിക്കെ ജീവനക്കാർക്ക് ഏറ്റവും മികച്ച ശമ്പളപരിഷ്കരണം നേടികൊടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച് അവകാശ സംരക്ഷണ സമരങ്ങളിൽ മുന്നേറി വൈദ്യുതിബോർഡിലെ ഒരു അംഗീകൃത സംഘടനയായി അംഗീകാരം നേടിക്കൊടുക്കുക എന്ന ചിരകാലാഭിലാഷത്തിന് വേണ്ടി അഹോരാത്രം അധ്വാനിക്കുന്നതിനിടയിലായിരുന്നു ഈ സംഘടനയുടെ എല്ലാമെല്ലാമായിരുന്ന ശ്രീ. എം.എസ്.റാവുത്തറുടെ വിയോഗം. നടുക്കടലിൽവെച്ച് പൊടുന്നനെ കപ്പിത്താൻ നഷ്ടപ്പെട്ടപ്പോൾ അന്ധാളിച്ചുപോയ ഈ കപ്പലിനെ പടയാളികളെ നയിക്കാനുള്ള നിയോഗം പിന്നീട് ഏൽപ്പിക്കപ്പെട്ടത് ശ്രീ. സിബിക്കുട്ടി ഫ്രാൻസിസിലായിരുന്നു. എം.എസ്.റാവുത്തർക്കൊപ്പം ദീർഘകാലം പ്രവർത്തിച്ച് പരിചയസമ്പന്നനായ അദ്ദേഹം കാറ്റിലും കോളിലും ഉലയാതെ ഈ കപ്പലിനെ പതിയെ കരക്കടുപ്പിക്കുന്നതാണ് പിന്നീട് കണ്ടത്.

ഇടതു ഗവൺമെന്റ് കമ്പനിയാക്കി മാറ്റിയതുമൂലം പെരുവഴിയിലായ വൈദ്യുതി ജീവനക്കാരെയും വിരമിച്ചവരെയും സംരക്ഷിക്കുക എന്നതായിരുന്നു ഈ സംഘടനയുടെ മുന്നിലുണ്ടായിരുന്ന ഏറ്റവും വലിയ വെല്ലുവിളി. ജീവനക്കാരുടെയും വിരമിച്ചവരുടെയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും തുടർന്നും ഉറപ്പുവരുത്തുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിക്കാതെയാണ് ഇടതുസർക്കാർ ഇറങ്ങിപ്പോയത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാത്രമാണ് നമ്മുടെ ആരാധ്യനായ നേതാവ് റാവുത്തർ മുൻകയ്യെടുത്ത് ഇവ ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള ഒരു ത്രികക്ഷി കരാർ സംബന്ധിച്ച് ചർച്ചകൾ നടന്നുകൊണ്ടിരിക്കേയാണ് അദ്ദേഹത്തിന്റെ വിയോഗം ഉണ്ടായത്. അദ്ദേഹം തുടങ്ങിവെച്ച ചർച്ചകൾ പിന്നീട് പുനരാരംഭിക്കുകയും മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെയും വൈദ്യുതിമന്ത്രിയായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദിന്റെയും അനുഗ്രഹാശിസ്സുകളോടെ പെൻഷൻ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങൾക്കും സർക്കാർ ഗ്യാരണ്ടിയോട് കൂടിയുള്ള ഒരു ത്രികക്ഷി കരാർ ഒപ്പുവെയ്ക്കുവാൻ നമുക്ക് സാധിച്ചു. ഇടതു ഗവൺമെന്റ് വിഭാവനം ചെയ്തിരുന്ന നാമമാത്രമായ തുക മാത്രം ഉൾക്കൊള്ളിച്ചിരുന്ന പെൻഷൻ ഫണ്ടിന് പകരം മതിയായ തുക ഉറപ്പുവരുത്തിക്കൊണ്ട് ഒരു മാസ്റ്റർ ട്രസ്റ്റിന് രൂപംനൽകുവാനും നമുക്ക് സാധിച്ചു. ഇടതു ട്രേഡ് യൂണിയനുകൾക്ക് ഇടതുസർക്കാരിന്റെ കാലത്തുപോലും നേടിയെടുക്കാൻ കഴിയാത്ത ഈ സുവർണ്ണ നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചത് നമ്മുടെ തൊപ്പിയിലെ ഒരു പൊൻതൂവലാണ്. തുടർന്ന് വളരെ കുറഞ്ഞ ദിവസങ്ങളിലെ ചർച്ചയിലൂടെ തന്നെ ഒരു മികച്ച ശമ്പളപരിഷ്കരണ കരാർ ഒപ്പിടുവിക്കാൻ നമുക്കായി. പിന്നീട് നടന്ന ഹിതപരിശോധനയിൽ നാം രൂപംനൽകിയ യു.ഡി.ഇ. ഇ. എഫ്. 25 ശതമാനം വോട്ട് നേടി രണ്ടാംസ്ഥാനത്തെത്തി അംഗീകാരമുള്ള സംഘടനയായി മാറി. ഹിതപരിശോധന പ്രചരണകാലത്ത് നാം നേരിട്ട പ്രതിസന്ധികളും പ്രയാസങ്ങളും വിവരണാതീതമായിരുന്നു. പിന്നീട് ഇടതുഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കടുത്ത തൊഴിലാളിവിരുദ്ധ നടപടികൾ സ്വീകരിക്കുന്നതാണ് കണ്ടത്. ഇതിനെതിരെ ശക്തമായി പ്രതികരിച്ച വൈദ്യുതിബോർഡിലെ ഏക സംഘടന നമ്മുടേത് മാത്രമായിരുന്നു.

നിരവധി സമരപരിപാടികളും നിയമ നടപടികളുമാണ് ഇതിനെതിരെ നാം സ്വീകരിച്ചത്. സേവനസംബന്ധമായ കാര്യങ്ങളിൽ വ്യവഹാരങ്ങൾ ഏർപ്പെടാനുള്ള ജീവനക്കാരുടെ ഭരണഘടനാപരമായ മൗലികാവകാശംപോലും നിഷേധിച്ചുകൊണ്ട് ബോർഡ് ഉത്തരവിറക്കിയപ്പോൾ ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ച് ഉത്തരവ് റദ്ദ് ചെയ്യിച്ചത് നമ്മുടെ മുൻ ജനറൽ സെക്രട്ടറി ആയിരുന്നു. **സി.ഇ.എ. റെഗുലേഷന്റെ പേര് പറഞ്ഞ് ബോർഡിലെ ബഹുഭൂരിഭാഗം ജീവനക്കാരുടെയും സ്ഥാനക്കയറ്റം നിഷേധിക്കാൻ നീക്കമുണ്ടായപ്പോൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ ഇതു സംബന്ധിച്ച് ഒരു ഇടക്കാല ഉത്തരവ് വന്നപ്പോൾ സംസ്ഥാന റെഗുലേറ്ററി കമ്മീഷനിലെ പെറ്റിഷനിൽ കക്ഷിചേർന്ന് അനുകൂല ഉത്തരവ് സമ്പാദിച്ചതും അദ്ദേഹമായിരുന്നു. ഇതിനെതിരെ കേന്ദ്ര വൈദ്യുത അപ്പ്ലേറ്റ് ട്രൈബ്യൂണലിൽ കൊടുത്ത അപ്പീലിൽ കക്ഷിചേർന്ന് ജീവനക്കാർക്ക് വേണ്ടി വാദിക്കുന്ന ഏക സംഘടനയും നമ്മുടേതാണ്.** പ്രമോഷൻ ലഭിക്കണമെങ്കിൽ ട്രെയിനിംഗിനുശേഷം പരീക്ഷ പാസ്സാകണമോ? ഏത് കേന്ദ്ര നിയമത്തിലാണ് ഇത് പറഞ്ഞിരിക്കുന്നത്. CEA സെക്ഷൻ 116 അനുസരിച്ച് ജീവനക്കാരുടെ യോഗ്യത സംസ്ഥാന ഗവണ്മെന്റിനു തീരുമാനിക്കാം. ഇക്കാര്യത്തിൽ ഡൽഹി Aptel ൽ ഒരു സ്പെഷ്യൽ എൻഗേജ്മെന്റ് അഡ്വക്കേറ്റിനെ നിയോഗിക്കാൻ ബോർഡ് തയ്യാറായില്ല. എന്നാൽ ജീവനക്കാർക്കെതിരെ സ്പെഷ്യൽ അഡ്വക്കേറ്റിനെ നിയോഗിച്ചു. ബോർഡ് ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാരിൽനിന്ന് വാടക കണക്കാക്കി വരുമാനത്തിൽ ചേർന്ന് ആദായനികുതി പിരിക്കാൻ നീക്കമുണ്ടായപ്പോൾ നിയമപരമായി ചെറുത്തുനിൽപ്പ് നടത്തിയതും നമ്മുടെ സംഘടന മാത്രമായിരുന്നു. ഇടതുഗവൺമെന്റിന്റെയും വൈദ്യുതിബോർഡ് മാനേജ്മെന്റിന്റെയും തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരായി നമ്മുടെ ജനറൽസെക്രട്ടറി നടത്തുന്ന പോരാട്ടത്തിൽ വിറളിപൂണ്ട് അദ്ദേഹത്തെ ജനറൽസെക്രട്ടറി സ്ഥാനത്ത് നീക്കം ചെയ്യാൻ ഓഫീസേഴ്സ് അസോസിയേഷന്റെ കാർമ്മികത്വത്തിൽ ബോർഡ് മാനേജ്മെന്റ് നടത്തിയ കുൽസിത നീക്കത്തിന്റെ ഭാഗമായി അദ്ദേഹത്തിന് സ്ഥാനമൊഴിയേണ്ടിവന്നെങ്കിലും പിന്നീട് ജനറൽ സെക്രട്ടറിയായി ചുമതലയേറ്റ ശ്രീ. കെ.സി.രാജന്റെ നേതൃത്വത്തിൽ ഈ സംഘടന ശക്തമായിത്തന്നെ മുന്നോട്ട് ചലിച്ചു. നിരവധി സമരപരിപാടികളാണ് തൊഴിലാളിവിരുദ്ധ നടപടികൾക്കെതിരെ നാം നടത്തിയത്. ഓൺലൈൻ ട്രാൻസ്ഫർ ഗൈഡ്ലൈനിലെ അട്ടിമറിക്കെതിരെ 2017 ആഗസ്റ്റ് 16ന് നടത്തിയ ഡിവിഷൻ തല ധർണ്ണ, സ്ഥലം മാറ്റത്തിലെ അട്ടിമറിക്കെതിരെ 2017 സെപ്റ്റംബർ 18ന് നടത്തിയ വൈദ്യുതി ഭവൻ ധർണ്ണ തസ്തിക വെട്ടിക്കുറയ്ക്കാൻ ശ്രമിച്ചതിനെതിരെ 2017 നവംബർ 25ന് തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും സംഘടിപ്പിച്ച മേഖലാതല മാർച്ചുകൾ ഐ.ഐ.എം. റിപ്പോർട്ടിനെതിരെ 2018 ഫെബ്രുവരി 9ന് നടത്തിയ ഡിവിഷൻതല ധർണ്ണ, 2018 മാർച്ച് 22-ന് നടത്തിയ സെക്രട്ടറിയേറ്റ് മാർച്ച് 2018 നവംബറിൽ തസ്തികകൾ വെട്ടിയരിയുന്നതിനെതിരെ 70 ഡിവിഷനുകളിൽ നടത്തിയ ധർണ്ണ വൈദ്യുതി നിയമഭേദഗതിക്കെതിരെ ജില്ലാതല ധർണ്ണ തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. 2017 ഒക്ടോബറിൽ നാം പ്രഖ്യാപിച്ച നമ്മുടെ സംസ്ഥാന സമ്മേളനം നമ്മുടെ ഇടയിൽ നിന്നുതന്നെ ചില ഒറ്റുകാരുടെ ശ്രമത്താൽ മാറ്റിവെയ്ക്കേണ്ടിവന്നെങ്കിലും ഒറ്റുകാരുടെ എല്ലാ കുടില തന്ത്രങ്ങളെയും അതിജീവിച്ച് നാം പിന്നീട് പ്രതിനിധി സമ്മേളനം നടത്തി സുതാര്യവും ജനാധിപത്യവുമായ രീതിയിൽ പുതിയ ഒരു നേതൃത്വത്തെ സൃഷ്ടിക്കാൻ നമുക്ക് സാധിച്ചു. ഇതിൽ നിരാശരായ ഒറ്റുകാർ സമാന്തര സംഘടനാ പ്രവർത്തനവുമായി രംഗത്തുവന്നെങ്കിലും അവർ സംഘടനാ പ്രവർത്തകരുടെ ഇടയിൽ ഒറ്റപ്പെട്ടുപോകുന്നതാണ് പിന്നീട് കണ്ടത്. പുതിയ നേതൃത്വത്തിന് കീഴിൽ എറണാകുളത്തുവെച്ച് പ്രളയവും ഡാം സുരക്ഷയും എന്ന സെമിനാർ നമ്മുടെ സംഘടനാശക്തി വിളിച്ചോതാനും കോൺഗ്രസ് പാർട്ടി നമ്മുടെ സംഘടനാ നേതൃത്വത്തിന് നൽകുന്ന പിന്തുണ അരക്കിട്ടുറപ്പിക്കുന്നതുമായിരുന്നു. പിന്നീട് സെപ്റ്റംബർ 27ന് തിരുവനന്തപുരത്തുവെച്ച് നാം നടത്തിയ എം.എസ്.റാവുത്തർ അഞ്ചാം ചരമവാർഷികവും ഉജ്ജ്വലമായിരുന്നു. നമ്മുടെ മെമ്പർമാരിൽനിന്ന് ശമ്പളപരിഷ്കരണ കുടിശ്ശിക വിഹിത ഇനത്തിൽ ഒരു കോടി 83 ലക്ഷം രൂപ നാം സമാഹരിച്ചെടുക്കുകയും 1.02 കോടി രൂപ ചിലവിൽ തിരുവനന്തപുരം നഗരത്തിലെ സുപ്രധാനമായ സ്ഥലത്ത് നമുക്ക് ഒരു പുതിയ ആസ്ഥാനമന്ദിരം എന്ന ചിരകാലാഭിലാഷം പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങൾ ലക്ഷ്യപ്രാപ്തിയിലേക്ക് അടുക്കുന്നു. കോൺഗ്രസ് പ്രവർത്തകസമിതി അംഗം ശ്രീ. എ.കെ.ആന്റണി തറക്കല്ലിട്ട മന്ദിരത്തിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റ് വരെയായി. മാസങ്ങൾക്കകംതന്നെ കെട്ടിടം പണി പൂർത്തിയാവും. യു.ഡി.ഇ.ഇ.എഫ്. എന്ന സംഘടനയുടെ ഭാരവാഹികൾ നമ്മുടെ നേതൃത്വമാണെന്ന് ലേബർ കമ്മീഷണർ ഔദ്യോഗികമായി വൈദ്യുതബോർഡിനെ അറിയിച്ചതോടെ തന്നെ വിമതരുടെ പ്രവർത്തനം ഏറെക്കുറെ നിർവീര്യമായിക്കഴിഞ്ഞു. മറ്റു കേസുകളിലെ വ്യവഹാര നടപടികൾ പൂർത്തിയാവുകയും വിമതരുടെ കാപട്യം മുഴുവൻ മെമ്പർമാരും തിരിച്ചറിയുകയും ചെയ്യുന്നതോടെ ആ സമാന്തര സംഘടന ശൈശവത്തിൽ തന്നെ അന്ത്യശ്വാസം വലിക്കും. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് വൈദ്യുതിജീവനക്കാർക്ക് സ്വന്തം ജീവിതം ഹോമിച്ച എം.എസ്.റാവുത്തർ എന്ന അതികായകൻ നയിച്ച ഈ സംഘടന ഒരു പോറൽപോലും ഏൽക്കാതെ കരുത്തോടെ തന്നെ മുന്നോട്ടുപോവും.

എന്ന്,
അഭിവാദനങ്ങളോടെ,
**എ. ഷാഹുൽഹമീദ്** ജനറൽ സെക്രട്ടറി KEEC (INTUC)

# കാസർഗോഡ് സോളാർ പദ്ധതി ഉപേക്ഷിച്ചു. ആർക്ക് വേണ്ടി ?

യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന കാസർഗോഡ് സോളാർ പദ്ധതി ഒരു ഇടത് പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യപ്രകാരം ഉപേക്ഷിച്ചു. പദ്ധതി ഉപേക്ഷിച്ച് മന്ത്രിസഭ തീരുമാനം വരെ പുറത്തിറങ്ങി. ഉല്പാദനം കൂട്ടുമെന്ന് വീമ്പടിക്കുന്നവർ തന്നെ യാതൊരു പാരിസ്ഥിതിക പ്രശ്നമില്ലാത്ത ജനകീയ എതിർപ്പുമില്ലാത്ത പദ്ധതി കേവലം ഒരു പാർട്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ ആവശ്യപ്രകാരം പാർട്ടിഗ്രാമം ഉണ്ടാക്കുന്നതിലേയ്ക്കായി വേണ്ടായെന്നുവച്ചു.

സോളാർ പാർക്ക് വേണമെന്നുങ്കിൽ 500 MW വേണമെന്നിരിക്കെ KSEB ക്ക് 250 MW ന് സോളാർ പാർക്ക് അനുവദിപ്പിക്കാൻ മുൻ വൈദ്യുതിമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന് സാധിച്ചു. ഇതിനുവേണ്ടി സബ്സ്റ്റേഷൻ 63 കോടി രൂപ മുടക്കി പൂർത്തിയാക്കി. 1093 ഏക്കർ സ്ഥലം വിവിധ ആൾക്കാരിൽ നിന്നും ഏറ്റെടുത്തു. മുടക്കാനുള്ളത് മുഴുവൻ മുടക്കിയപ്പോൾ വേണ്ടായെന്ന് വച്ചത് കെ.എസ്.ഇ.ബിയെ മെച്ചപ്പെടുത്താനോ അതോ ഹിഡൻ അജണ്ട നടപ്പാക്കാനോ.

ഇപ്പോൾ സോളാറിന്റെ പുതിയ സ്കീം വന്നിരിക്കുന്നു. ലഭിച്ച 2 പദ്ധതികൾ കളഞ്ഞിട്ട് പുതിയ സ്കീമുകൾ വന്നിരിക്കുകയാണ്.

1. ഉപഭോക്താവിന്റെ വീടിന്റെ മേൽക്കൂരയിൽ കെ.എസ്.ഇ.ബി. യുടെ ചിലവിൽ സോളാർ പാനൽ സ്ഥാപിക്കാം. 10% വൈദ്യുതി ഉപഭോക്താവിന് സൗജന്യമായി നൽകും. പന്നീട് വേണ്ടുന്നത് (25 വർഷത്തേയ്ക്ക് നിശ്ചിത കാലയളവിലേയ്ക്ക്) നിശ്ചിത നിരക്കിൽ നൽകും.

2. ഉപഭോക്താവിന്റെ ചിലവിൽ സ്ഥാപിക്കും. വൈദ്യുതി ഉപഭോക്താവിന് ഉപയോഗിക്കാം.

സോളാർ സിസ്റ്റത്തിന്റെ മെയിന്റനൻസ് കെ.എസ്.ഇ.ബി. തന്നെ. ഇവിടെ Financial loss ഉണ്ടാകുമ്പോൾ അത് ബോർഡിന്റെ ബാദ്ധ്യത AAC കണക്ടർ ACSR ആക്കുന്ന പണി ഒന്ന് പൂർത്തിയാക്കിയിട്ടുപോരെ ബ്രഹ്മാണ്ഡൻ പ്രോജക്ടുകൾ. നഷ്ടങ്ങൾ വരുമ്പോൾ അതിന് കാരണം ജീവനക്കാരുടെ എണ്ണം പറഞ്ഞ് തടിയൂരാനുള്ള മാനേജ്മെന്റിന്റെ ശ്രമം അംഗീകരിക്കില്ല. ഉപഭോക്താക്കൾക്ക് റെഗുലേറ്ററി കമ്മീഷൻ പറയുന്ന രീതിയിൽ എല്ലാ അർത്ഥത്തിലും സേവനം നൽകണമെന്നുണ്ടെങ്കിൽ കൂടുതൽ ജീവനക്കാർ വേണം. അനാവശ്യ ചിലവുകൾ ഒഴിവാക്കി ചുരുക്കി ലാഭത്തിലാക്കേണ്ടതിന് പകരം Man Power ഇല്ലാതാക്കുന്നത് ശരിയായ മാനേജ്മെന്റ് Technique അല്ല. MIS ൽ റിട്ടയർ ചെയ്ത വ്യക്തിക്ക് പുനർ നിയമനം. അദ്ദേഹമില്ലെങ്കിൽ സെർവർ ഓണാകില്ല, മൗസ് വർക്കാകില്ല

# KSEB യിൽ ഇടതു ബന്ധുനിയമനം

## മീറ്റർ റീഡേഴ്സിനെ പാർട്ടി ഓഫീസിൽ നിന്നും നിയമിക്കുന്നു.

ഇടുക്കി ജില്ലയിൽ പീരുമേട് ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ നിലവിലുള്ള കോൺട്രാക്റ്റ് മീറ്റർ റീഡേഴ്സിനെ പിരിച്ചുവിട്ട് പാർട്ടിക്കാരെ പാർട്ടി ഓഫീസിൽ നിന്നും നിയമിക്കുന്നു. പീരുമേട് ഡിവിഷന്റെ കീഴിൽ ഇപ്രകാരം പാർട്ടി ഓഫീസിൽനിന്നും നിയമിതരായവർ ജോയിൻ ചെയ്യുന്നതിനെതിരെ നിലവിലുള്ളവർ കോടതി വഴി എതിർത്തു. ഇപ്പോൾ റീഡിംഗ് അവതാളത്തിലായി. കോടികൾ നഷ്ടത്തിൽ വൈദ്യുതി ബോർഡിന്റെ നഷ്ടം ആര് പരിഹരിക്കും? നഷ്ടം തസ്തികകൾ വെട്ടിയരിഞ്ഞ് പരിഹരിക്കാമല്ലോ. കഴിഞ്ഞ ഇടതു ഭരണത്തിൽ മീറ്റർ റീഡിംഗ് കുടുബശ്രീയെ ഏൽപ്പിച്ചത് ആര് മറന്നാലും ഞങ്ങൾ മറന്നിട്ടില്ല. അത് INTUC എതിർത്തതുകൊണ്ടാണ് പിന്നീട് വേണ്ടായെന്ന് വച്ചത്. ഇപ്പോൾ മീറ്റർ റീഡിംഗ് നിയമനം PSC വഴി വേണ്ടായെന്ന് വച്ചതും തസ്തികകൾ വെട്ടിയരിഞ്ഞതും എന്തിനാണെന്ന് പ്രിയ തൊഴിലാളി സഖാക്കൾ മനസ്സിലാക്കി കാണുമെന്ന് വിശ്വസിക്കുന്നു.

കേന്ദ്ര നിയമം വൈദ്യുതി മേഖല തകർക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ അവർ ചെയ്യാൻ തുടങ്ങുന്നതിനുമുമ്പേ ഇവിടെ അതിലും ഭീകരാന്തരീക്ഷമാണ്. എല്ലാ തസ്തികയിലും വെട്ടിനിരത്തൽ നടത്തി 1998-ലെ ഇടത് ഭരണമാണ് ഇവിടെ ആവർത്തിക്കുന്നത്. കാഷ്യർ തസ്തികകൾ ഇല്ലാതാക്കുന്നത് എന്തിനാണ് പാർട്ടി ഓഫീസിൽ പിന്നീട് നിയമനം നടത്താനല്ലേ, ബന്ധുനിയമനം ഇവരുടെ ബൈലോയിൽ ഉള്ളതാണല്ലോ, അതിനുവേണ്ടി എന്തും കാണിക്കും. പ്രമോഷനുകൾ ഭാവിയിൽ ഓഫീസർമാരുടെ ഇഷ്ടക്കാർക്കുമാത്രം PMU-ന്റെ പേരിൽ വർക്കറേയും ലൈൻമാനേയും ഓവർസിയറേയും ഇല്ലാതാക്കാൻ ശ്രമിക്കുകയല്ലേ. വെട്ടിനിരത്തിനെതിരെ പണിമുടക്കേണ്ടിവന്നാൽ അതിനും ഞങ്ങൾ നിർബന്ധിതരാകും. തിരുവനന്തപുരം വൈദ്യുതി ഭവനിൽ ആൾക്കാർ കൂടുതലാണെന്ന് പറഞ്ഞ് സീനിയർ അസിസ്റ്റന്റ് ഉൾപ്പടെയുള്ളവരെ ട്രാൻസ്ഫർ ചെയ്യുന്നു. call cetnre ൽ ഉൾപ്പടെ ബന്ധുനിയമനം നടത്തിയ കഥ ആരും മറന്നിട്ടില്ല. ഒരു PRO (Public Relation Officer) റെ വിരമിച്ചതിന് ശേഷം കുറേനാൾകൂടയിരുത്തി വിരമിച്ച ബന്ധുവിനെ നിയമിച്ചു വെന്ന് പറഞ്ഞാൽ എതിർക്കാൻ പറ്റുമോ. ഓൺലൈൻ ട്രാൻസ്ഫറിൽ ബന്ധുക്കൾക്കെല്ലാം ഇഷ്ടമുള്ളടത്ത് നടത്തി. ബന്ധുക്കൾക്ക് നൽകിയപ്പോൾ ലൈൻ ഓഫായെന്നും പിന്നീട് റോബോട്ടിനെ മാറ്റി മനുഷ്യൻ തന്നെ എല്ലാം ചെയ്തുവെന്നാണ് അന്വേഷിച്ചപ്പോൾ മനസ്സിലായത്. എല്ലാം ബന്ധുക്കൾക്കുമാത്രം. അടുത്തിടയ്ക്കാണ് CPI യൂണിയനും മനസ്സിലായത് അവരും ബന്ധുക്കൾ അല്ലെന്ന്. അല്ലറ ചില്ലറ സ്ഥലങ്ങളിലൊക്കെ അവരും ധർണ്ണിക്കുന്നു.

*ബന്ധുവാര്.ശത്രുവാര്......*
*പറയൂ....... ഭരണക്കാരെ.......*
*ഭരണവിലാസം സംഘടനകളെ...*

# ജനാധിപത്യ രാജ്യത്തെ നിയമം KSEBL നും ബാധകം



**കെ.സി.രാജൻ**
ജനറൽ സെക്രട്ടറി, UDEEF

ട്രേഡ് യൂണിയൻ അവകാശം നിഷേധിച്ചതോ അല്ലയോ.... ഏതായാലും ബോർഡ് അടുത്തിടെ ഒരു ഉത്തരവിറക്കി. യാതൊരു കാര്യങ്ങളിലും വിമർശനം പാടില്ലായെന്നാണ് ഉത്തരവ്. അത് Service contract rules അനുസരിച്ചാണെന്ന് ആദ്യം പറഞ്ഞു. പിന്നീട് അത് Service Conduct rules ആയി മാറി. Trade Union Act അനുസരിച്ചുള്ള സംഘടനകൾക്ക് അതിനുള്ള അവകാശം ഉണ്ട്. ആ അവകാശം നിഷേധിക്കാൻ ഒരു എക്സിക്യൂട്ടീവ് ഉത്തരവിനും സാധിക്കില്ല. രാജ്യത്തെ നിയമങ്ങൾ KSEBL നും ബാധകം. Commercial consumer 2000 രൂപയിൽ കൂടിയ ബിൽ ഡിജിറ്റൽ പേയ്മെന്റായി മാത്രമേ ഇനിമേൽ സാധിക്കു എന്നാണ് പുതിയ ഉത്തരവ്. 2500 രൂപയുള്ള consumer ആദ്യം 1500 രൂപ advance അടച്ചതിനുശേഷം തൊട്ടടുത്ത ദിവസം 1000 രൂപ അടയ്ക്കാൻ വന്നാൽ തിരിച്ചയക്കണോ.... ഉത്തരമില്ല, ചെക്ക് സ്വീകരിക്കാനും പാടില്ല.

supply code അല്ലേ നമ്മൾ അനുസരിക്കേണ്ടത്. supply code അനുസരിച്ച് ചെക്ക് ഒരു mode of payment ആണ്. ഒരു consumer ഒരു ചെക്ക് തന്നാൽ അത് നിയമപരമായി നിഷേധിക്കാൻ സാധിക്കുമോ. കേന്ദ്ര ഗവൺമെന്റ് പറഞ്ഞുവെന്നാണ് ചോദിക്കുമ്പോൾ പറയുന്നത്. എന്തൊരു കേന്ദ്ര സ്നേഹം, വ്യഗ്രത. കാഷ്യറുടെ എണ്ണം കുറയ്ക്കാൻ ഇത്രമാത്രം കഷ്ടപ്പെടണമായിരുന്നോ. സാമ്രാജ്യത്വം തകരട്ടെ അല്ലേ.

KSEB ജീവനക്കാർ ഹൈക്കോടതിയെ സമീപിക്കുന്നത് വിലക്കിയതും മറ്റൊരു വിഡ്ഢിത്തമല്ലേ. ഏകാധിപത്യം തുലയട്ടെ അല്ലേ. നിർബന്ധിത സാലറി ചലഞ്ചും മറ്റൊരു ക്രൂരതയായിരുന്നില്ലേ. ഹൈക്കോടതി പറഞ്ഞപ്പോൾ മനസ്സിലായി. ഞങ്ങൾ ആദ്യമേ പറഞ്ഞതാണ് നല്ലകാര്യം കേട്ടില്ല.. സുപ്രീം കോടതിയിൽ അപ്പീൽ പോയി.. ഹൈക്കോടതി പറഞ്ഞിട്ടും അനുസരിക്കാൻ തയ്യാറായില്ല.

1. ട്രേഡ് യൂണിയൻ ആക്ട് 1926 പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനകളുമായി

2. Industrial Dispute Act 1947 ന്റെ പരിരക്ഷയുള്ള സംഘടനകളുമായി

3. കേരള റിക്കഗ്നിഷൻ ആക്ടനുസരിച്ച് നടത്തിയ റഫറണ്ടത്തിൽ അംഗീകാരം തേടിയ സംഘടനകളുമായി നടത്തുന്ന ചർച്ചകൾക്കുശേഷം തീരുമാനങ്ങൾക്ക് വിരുദ്ധമായി ഉത്തരവിറക്കുന്നതിനെ മിനിറ്റ്സ് ഇറക്കുന്നതിനെ എന്ത് വിളിക്കണം നിയമത്തിന്റെ ഭാഷയിൽ നിയമലംഘനമെന്ന് പറയാമെങ്കിലും അതിന് പറ്റിയ പേര് വേറെയുണ്ട്. അതിന് ഞങ്ങളെക്കൊണ്ട് പറയിക്കരുത്. ഞങ്ങളെ ബഹുമാനിച്ചില്ലെങ്കിലും രാജ്യത്ത് നിയമങ്ങളെ ബഹുമാനിക്കണം. അതാണ് സാമാന്യബുദ്ധി. കോടതിവിധികളൊക്കെ അണുവിട വ്യതിചലിക്കാതെ നടപ്പാക്കണമെന്ന് പറയുന്നവർ ഇവിടെ നിയമങ്ങളേയും അടിസ്ഥാന പ്രമാണങ്ങളേയും കശാപ്പ് ചെയ്യുന്നു. ഇത് അധികകാലം അനുവദിക്കില്ല. ഒരു മുന്നറിയിപ്പായി കൂട്ടിക്കോ.

# കെ.എസ്.ഇ.ബി. – ഐ.ടി. മേഖല വൻ പരാജയം

എല്ലാ തലങ്ങളിലും തൊട്ടുവയ്ക്കുക എന്നത് നമുക്കൊരു ശൈലിയാണല്ലോ. ഒന്നും പൂർത്തിയാക്കില്ല. HT/EHT ഉപഭോക്താക്കളുടെ ബില്ലിംഗ് പ്രോഗ്രാം കമ്പ്യൂട്ടറൈസ്ഡ് ചെയ്തിട്ട് വർഷങ്ങളായി, പക്ഷേ എങ്ങും എത്തിയിട്ടില്ല. ഇപ്പോൾ കമ്പ്യൂട്ടറും മനുഷ്യനും എല്ലാം ഇട്ട് പിടിച്ചിട്ടും പതുക്കെ ഇഴയുന്നു. പകുതി കമ്പ്യൂട്ടർ പകുതി മാനുവൽ.

ഓൺലൈൻ ട്രാൻസ്ഫറിന്റെ കാര്യം മുമ്പ് പറഞ്ഞതുകൊണ്ട് വീണ്ടും പറയുന്നില്ല. 2 വർഷത്തിൽ കൂടുതൽ കാസർഗോഡ് നിന്നവർക്ക് ട്രാൻസ്ഫറില്ല. പക്ഷേ 6 മാസം തികഞ്ഞില്ലെങ്കിലും കമ്പ്യൂട്ടർ നൽകും Domicile ലേക്ക് അർഹതപ്പെട്ടവർക്ക് നൽകാതെ ബന്ധുക്കൾക്ക് ട്രാൻസ്ഫർ നൽകി.

സെക്ഷനിൽ orumanet ൽ ജോലി ചെയ്യുന്ന കാഷ്യർമാരുടെ കാര്യം അവതാളത്തിൽ. പുതിയ ഉത്തരവ്, എണ്ണം കുറയ്ക്കൽ അത് മുമ്പ് പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. നിലവിലെ അവസ്ഥ ദയനീയം. നെറ്റ്വർക്ക് slow ആയാൽ manual ആയി എടുക്കണം. പിന്നീട് സിസ്റ്റത്തിൽ enter ചെയ്യണം. Airtel ഉം BSNL ഉം ഉണ്ടെങ്കിലും ഒന്നുപോയാൽ മറ്റൊന്നിലൂടെ എടുക്കാൻ സാധിക്കുന്നില്ല. പുതിയ ഉത്തരവ് ഇറക്കാൻ ശ്രമിക്കുന്നവർ ഈ ജോലി കണക്കുകൂട്ടിയിട്ടില്ല.

ഇന്റർനെറ്റ് സ്പീഡ് ഇല്ലായെന്ന് പറയുന്ന അവസ്ഥ ശോചനീയം. നമ്മുടെ server ന്റെ അവസ്ഥ എന്താണ്. ചില സമയങ്ങളിൽ Hang, ചിലപ്പോൾ കറങ്ങി കറങ്ങി ഫിറ്റായി നിൽക്കും. എന്തൊരു ഭംഗി കാണാൻ. cloud sever ആണോ നമ്മൾ ഉപയോഗിക്കുന്നത്, ആർക്കറിയാം IT വിദഗ്ദർ ഒന്ന് പറഞ്ഞാൽ കൊള്ളാം. Server Capactiy കൂട്ടാനൊക്കെ പണം മുടക്കികൂടെ. അതോ അറിയില്ലേ. ഈ രംഗത്തെ പ്രൊഫഷണൽസിന്റെ സഹായം തേടണം. നാണക്കേട് ഒന്നും വിചാരിക്കേണ്ട. ഓരോ പണി ഓരോരുത്തർക്കും ഉള്ളതല്ലേ. IT യുടെയും software ന്റേയും പേരിൽ പ്രൊട്ടക്ഷൻ വഴി ഒരു വിഭാഗം തമ്പടിച്ചിക്കുന്നത് ശരിയാണോ.തിരുവനന്തപുരം ചാക്ക RPTI യിൽ ഇപ്പോഴും സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്യുന്നത് ടൈപ്പ് റൈറ്റർ ഉപയോഗിച്ചാണ് അതാണ് നമ്മുടെ IT നമ്മുടെ വിജയം

## ഫീൽഡ് ജീവനക്കാരുടെ സുരക്ഷ എടുത്താൽ പൊങ്ങാത്ത ബാഗിൽ ഒതുങ്ങുന്നതാണോ?

കെ.എസ്.ഇ.ബിലിമിറ്റഡിൽ സേഫ്റ്റിയുടെ കാര്യത്തിൽ പൂർണ്ണ സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ടോ?
സെക്ഷൻ ഓഫീസുകളിൽ ഫീൽഡു ജീവനക്കാർക്ക് വിശ്രമമുറികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയ സേഫ്റ്റി കമ്മിഷണറുടെ നടപടി അഭിനന്ദനീയമാണ്. എന്നാൽ സേഫ്റ്റിയുടെ കാര്യത്തിൽ ജീവനക്കാരുടെ ചില സംശയങ്ങൾക്കുള്ള മറുപടി ലഭിക്കുമോ?

1. ഇക്വുപൊട്ടൻഷ്യൽ ബോണ്ടിംഗ് എർത്തിംഗ് സംവിധാനം ഒന്നിൽകൂടുതലുള്ള കട്ട് പോസ്റ്റുകളിലും പൊട്ടിയ HT/LT കമ്പി വലിച്ചുകെട്ടുമ്പോഴും പ്രായോഗികമാണോ?

2. 40 കിലോ ഭാരമുള്ള സേഫ്റ്റി ഉപകരണങ്ങൾ അടങ്ങിയ 2 ബാഗുകൾ ജീവനക്കാർ ബൈക്കിൽ സ്ഥിരമായി കൊണ്ടുപോകുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ?

3. 24 മണിക്കൂറും വാഹനം ലഭ്യമാക്കണമെന്നിരിക്കെ, രാത്രികാലങ്ങളിൽ എല്ലാ ഓഫീസുകളിലും വണ്ടി ലഭ്യമാണോ എന്ന് സേഫ്റ്റി കമ്മിഷണർ പരിശോധിക്കേണ്ടതല്ലേ?

4. ഇല്ക്ട്രിസ്റ്റി വർക്കർമാർക്ക് നേരിട്ട് ഒരു ചുമതലകളും, സേഫ്റ്റി കിറ്റും ബോർഡ് ഏൽപ്പിച്ച് നൽകിയിട്ടില്ല എന്നിരിക്കെ സുരക്ഷയുടെ പേരിൽ എടുത്തുകൊണ്ടിരിക്കുന്ന നിയമവിരുദ്ധ നടപടികൾ ഒഴിവാക്കേണ്ടതുമല്ലേ?

5. സേഫ്റ്റി ശിക്ഷണ നടപടികളിൽ പക്ഷപാതപരമായല്ല നടപടികൾ സ്വീകരിക്കുന്നതെന്ന് കമ്മിഷണർ ഉറപ്പാക്കിയിട്ടുണ്ടോ?

6. പോസ്റ്റിൽ കയറാനുള്ള ലാഡർ ജീവനക്കാർക്ക് നൽകേണ്ടേ.

***ക്യാഷ് കളക്ഷൻ സമയം കുറയ്ക്കാനും അതുവഴി ക്യാഷ്യർ തസ്തികകൾ വെട്ടിക്കുറക്കാനുമുള്ള ബോർഡ് ഉത്തരവിനെതിരെ 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം KEEC (INTUC) നേതൃത്വം നൽകുന്ന അംഗീകൃത സംഘടനയായ UDEEF, ലേബർ കമ്മിഷണർ മുൻപാകെ തർക്കമുന്നയിച്ചു. 28.12.2018-ൽ ഈ വിഷയത്തിൽനടന്ന ചർച്ചയിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് അല്ലായെന്ന ബോർഡ് നിലപാട് തള്ളി തുടർ ചർച്ചകൾക്കായി ലേബർ കമ്മീഷണർ ഉത്തരവിട്ടു.***



പ്രളയവും ഡാം സുരക്ഷയും എന്ന വിഷയത്തിൽ കെ.ഇ.ഇ.സി. സംഘടിപ്പിച്ച സെമിനാർ ബഹു: എഐസിസി ജനറൽ സെക്രട്ടറി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.



പ്രളയദുരിതർക്ക് കെ.ഇ.ഇ.സി. തിരുവനന്തപുരം വൈദ്യുതി ഭവൻ ഡിവിഷൻ കമ്മറ്റി ശേഖരിച്ച സാധനങ്ങളുമായി ആലപ്പുഴയിലെ പാണ്ടനാട്ടേക്ക് പുറപ്പെട്ട വാഹനം രക്ഷാധികാരി ശ്രീ. കെ. മുരളീധരൻ എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്യുന്നു.

# കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സാമ്പത്തിക ബാധ്യത കാരണങ്ങൾ – നിർദ്ദേശങ്ങൾ :–

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗം വെട്ടിനിരത്തലല്ല. സാമ്പത്തിക പ്രതിസന്ധിയുടെ മറവിൽ ജീവക്കാരുടെ എണ്ണം കുറച്ച് പ്രസ്തുത തസ്തികകളിൽ പിൻവാതിൽ നിയമനം നടത്തുക എന്ന ചിലരുടെ ഗൂഢാലോചനയുടെ ഭാഗമാണ് ഇപ്പോഴുള്ള വെട്ടിനിരത്തൽ.

1. ചെലവുകൾക്കനുസരിച്ചുള്ള താരിഫ് വർദ്ധന നടപ്പിലാക്കാൻ റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകാത്തതാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രശ്നം 2017-18 സാമ്പത്തിക വർഷം വരെ റവന്യൂ കമ്മിറ്റിയുമായി ബന്ധപ്പെട്ട് 3900 കോടിയിലധികം രൂപയുടെ താരിഫ് വർദ്ധനവ് റെഗുലേറ്ററി കമ്മീഷൻ നിയമപ്രകാരം അനുവദിച്ച് തരാനുണ്ട്.

2. 30.9.2017 വരെയുള്ള കണക്കുകൾ പ്രകാരം വാട്ടർ അതോരിറ്റി മാത്രമായി 900 കോടിരൂപ കുടിശ്ശിക തരാനുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ 730 കോടി രൂപയോളം തരാനുണ്ട്. സ്വകാര്യ ഗാർഹിക ഉപഭോക്താക്കൾ 902 കോടി രൂപയാണ് ബാധ്യത വരുത്തിയിട്ടുള്ളത്. ലൈസൻസികൾമാത്രം ഈ കാലയളവിൽ 16 കോടി രൂപയോളം തരാനുണ്ട്.

3. വൈദ്യുതി വാങ്ങുന്നതിനുള്ള ദീഘകാല കരാറുകൾ പുനഃക്രമീകരിക്കാൻ കഴിയാത്തതിനാൽ fixed cost ഇനത്തിൽ പ്രതിവർഷം 100 കണക്കിന് കോടി നൽകേണ്ടി വരുന്നു. (കായംകുളം താപനിലയത്തിനുമാത്രം വൈദ്യുതി വാങ്ങാതെ പ്രതിവർഷം 200 കോടിയാണ് fixed cost ഇനത്തിൽ നൽകുന്നത്)

4. നിർദ്ദിഷ്ട കാലയളവിനുള്ളിൽ വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതുനിമിത്തം estimate തുകയുടെ പലമടങ്ങ് ചിലവാക്കേണ്ടിവരുന്നു. ഇത് ബോർഡിന് കോടികളുടെ അധിക ബാധ്യതയുണ്ടാക്കുന്നു.

5. ബാങ്കുകൾ ഉൾപ്പടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഉയർന്ന നിരക്കിൽ 7500 കോടിയോളം രൂപ പലിശ നൽകേണ്ടിവരുന്നു.

6. ബൈതരണി (ഒഡീഷ) യിലെ കൽക്കരിനിലയം, സോളാർ പാർക്ക് (കാസർഗോഡ്) തുടങ്ങിയവ ഉപേക്ഷിക്കപ്പെട്ടതുമൂലം നൂറുകണക്കിന് കോടി ചിലവാക്കിയ 96 ൽ പരം പദ്ധതികൾ മുടങ്ങിക്കിടക്കുന്നതും കനത്ത സാമ്പത്തിക ബാധ്യതയാണ് ബോർഡിന് ഉണ്ടാക്കിയിട്ടുള്ളത്.

7. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം "UDAY Scheme' മായി ബന്ധപ്പെട്ട് ബോർഡിന്റെ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുക്കുന്ന വ്യവസ്ഥയിൽ ഒപ്പിടാത്തതുനിമിത്തം 4800 കോടിരൂപയുടെ ബാധ്യതയാണ് ബോർഡിന് ഏറ്റെടുക്കേണ്ടിവന്നത്.

8. 1200 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പുകാരണം മുടങ്ങിക്കിടക്കുന്നു. ഇതുകാരണം 87 പൈസയ്ക്ക് ഉത്പ്പാദിപ്പിക്കാമായിരുന്ന ഒരു യൂണിറ്റ് വൈദ്യുതി 5 ഇരട്ടിയോളം കൂടുതൽ തുകയ്ക്ക് വാങ്ങേണ്ടിവരുന്നു. കൂടാതെ അധിക വൈദ്യുതി സംസ്ഥാനത്തിന് പുറത്തേയ്ക്ക് വിറ്റ് ആയിരക്കണക്കിന് കോടിയുടെ വരുമാനമുണ്ടാക്കാമായിരുന്ന സാഹചര്യവും നഷ്ടമാവുന്നു.

9. കേടായിക്കിടക്കുന്ന ലക്ഷക്കണക്കിന് Single Phase, three Phase മീറ്ററുകളും നൂറുകണക്കിന് TOD മീറ്ററുകളും സമയബന്ധിതമായി മാറ്റി സ്ഥാപിക്കാത്തതുമൂലം പ്രതിദിനം ബോർഡിന് ലക്ഷങ്ങളുടെ നഷ്ടമുണ്ടാകുന്നു.

10. കേന്ദ്രീകൃതമല്ലാത്തതും വിവിധ ആവശ്യങ്ങൾക്കായി അനവസരത്തിൽ നടത്തുന്നതുമായ സാധന സാമഗ്രികളുടെ വാങ്ങിക്കൂട്ടലുകൾ ബോർഡിന് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു.

11. ഒരു ട്രാൻസ്ഫോർമറിൽനിന്നും വിതരണം ചെയ്യപ്പെടുന്ന വൈദ്യുതിയുടെ യൂണിറ്റിന് ആനുപാതികമായി വൈദ്യുതി മോഷണവും മറ്റും നിമിത്തം കറന്റ് ചാർജ് ലഭിക്കുന്നില്ല. ഇത് ബോർഡിന് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു.

12. വ്യാപകമായി കരാർ നിയമനം നടത്തുന്നതുമൂലം കോടികൾ ബോർഡിന് അധികബാധ്യതയായി വന്നുചേരുന്നു.

13. റിട്ടയർ ചെയ്യാൻ മാസങ്ങൾമാത്രം അവശേഷിക്കുന്നവർക്ക് വിദേശത്ത് ട്രെയിനിംഗ് തുടങ്ങി നിരവധി കാര്യങ്ങൾ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു.

14. പരസ്യം നൽകുന്ന ഇനത്തിൽ കോടികൾ ചിലവാക്കുന്നു. വൈദ്യുതി ചാർജ് അടയ്ക്കണമെന്ന് പറയാൻ പരസ്യം വേണോ. KSEB യുടെ പരസ്യം മറ്റ് സ്ഥാപനങ്ങളിലും നൽകണോ... നിയന്ത്രിച്ചുകൂടെ..

15. വൈദ്യുതി ബോർഡിലെ ജീവനക്കാർക്ക് തയ്യാറാക്കാൻ സാധിക്കുന്ന റിപ്പോർട്ടുകൾ ബാഹ്യ ഏജൻസികളെക്കൊണ്ട് തയ്യാറാക്കിക്കുന്നതിലൂടെ ലക്ഷക്കണക്കിന് രൂപയാണ് ബോർഡിന് അധികബാധ്യതയായി വന്നുചേരുന്നത്.

16. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ചിലവ് കുറഞ്ഞരീതിയിൽ ബോർഡിന് വീഡിയോ കോൺഫെറൻസിംഗിലൂടെയും മറ്റും പഠനങ്ങൾ നടത്താമെന്നിരിക്കെ നിരവധിപേർ വിദേശയാത്ര നടത്തുന്നത് ബോർഡിന് ചിലവ് വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

17. ശീതീകരിച്ചിട്ടുള്ളതും അത്യാധുനിക സൗകര്യങ്ങളുള്ളതുമായ വൈദ്യുതിഭവനിലെ കോൺഫറൻസ് ഹാളിൽ ഘട്ടംഘട്ടമായി നടത്താമായിരുന്ന നിക്ഷേപക കൂട്ടായ്മയും മറ്റും മുന്തിയ ഹോട്ടലുകളിൽവച്ച് നടത്തുന്നത് ബോർഡിന് അധികചെലവുണ്ടാക്കുന്നു.

# ഓൺ ലൈൻ ഓഫ് ഉടായിപ്പ് സ്ഥലം മാറ്റം

## ഉത്തരവുകൾ : ആവർത്തിക്കാൻ അനുവദിക്കില്ല.

KSEB ലെ കമ്പ്യൂട്ടറൈസേഷൻ 25 വർഷങ്ങൾക്ക്മുമ്പ് തുടങ്ങിയതാണെങ്കിലും ഇപ്പോഴും എങ്ങും എത്തിയിട്ടില്ല. കാരണം മറ്റൊന്നുമല്ല ഈ മേഖലയിൽ വിദഗ്ദരുടെ സേവനം സ്വീകരിച്ചിട്ടില്ലയെന്നുള്ളതാണ്. എല്ലാം തങ്ങളുടെ കൈപ്പടിയിൽ നിൽക്കണമെന്നുള്ള ചില മാടമ്പിമാരുടെ അത്യാർത്തി. SCM Orumanet, SARAS ഇതൊക്കെ പൂർണ്ണമാകാത്തത് ഇതുകൊണ്ടുമാത്രമാണ്. ഇവിടെയൊക്കെ തട്ടീം മുട്ടീം കാര്യങ്ങൾ നടക്കുന്നുവെങ്കിൽ ട്രാൻസ്ഫറിന്റെ കാര്യത്തിൽ ഓൺലൈൻ ദുരന്തം സംഭവിക്കുകയായിരുന്നു. യാതൊരു തത്വദീക്ഷയുമില്ലാത്ത ട്രാൻസ്ഫർ ഉത്തരവുകളാണ് കഴിഞ്ഞ 2 വർഷമായി പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നത്. രാഷ്ട്രീയം നോക്കി ട്രാൻസ്ഫർ നൽകുന്ന മേൽത്തരം കമ്പ്യൂട്ടറുകളാണ് ഇവിടെ ഉപയോഗിച്ചത്. കഴിഞ്ഞ 2 വർഷമായി ട്രാൻസ്ഫറിന്റെ ഓമനപ്പേരിൽ തൊഴിലാളികളെ വട്ടം കറക്കുന്നു. തലങ്ങും വിലങ്ങും ജനറൽ ട്രാൻസ്ഫർ ഉത്തരവ് വരുന്നവർക്ക് വീണ്ടും വീണ്ടും ട്രാൻസ്ഫർ വരുന്നു. പ്രോഗ്രാം ശരിയാണെങ്കിൽ ഈ അവസ്ഥ വരുമോ. domicile ചോദിച്ചവർക്ക് അത് കിട്ടുന്നില്ല. ചോദിക്കാത്തവരെ ബലമായി പറഞ്ഞുവിടുന്നു. Preferential Claim എന്ന കോളത്തിൽ ടിക് മാർക്ക് ചെയ്യാത്തതിന്റെ പേരിൽ 2 വർഷം മലബാറിൽ 250 കിലോമീറ്ററിനപ്പുറം ജോലി ചെയ്തവർക്ക് നാട്ടിലേക്ക് ട്രാൻസ്ഫർ ലഭിച്ചില്ല. സാധാരണക്കാരായ ലൈൻമാനും വർക്കറും ഗൈഡ്ലൈൻ മുഴുവൻ കാണാതെ പഠിക്കണോ. ക്യൂവിൽ നിൽക്കുന്നവർക്ക് ഓട്ടോമാറ്റിക്കായി preferential claim വരേണ്ടതല്ലേ.... എന്ത് പ്രോഗ്രാം...... തട്ടിക്കൂട്ട്. സിവിൽ സബ് എഞ്ചിനീയർ ട്രാൻസ്ഫർ ചർച്ചയുമില്ലാതെ പുറത്തിറക്കി. അംഗീകൃത യൂണിയനുകളെ അംഗീകരിക്കാതിരിക്കുക എന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ഈ രാജ്യത്തെ നിയമങ്ങളായ ID Act ഉം Trade Union Act ഉം തന്നെ KSEB ക്ക് ബാധകമല്ലായെന്നതല്ലേ. shuffling എന്ന ഓമനപ്പേരിൽ Internal ഒഴിവുകളല്ലാം ഇഷ്ടക്കാർക്ക് നൽകുന്നു. ഓൺലൈൻ ഉത്തരവിനുശേഷം വീണ്ടും വീണ്ടും ട്രാൻസ്ഫർ ഉത്തരവിറക്കുന്നത് ഏത് ലൈനിലൂടെയാണ്... ചൈനാ ലൈനിലൂടെയോ... കൊറിയ ലൈനിലൂടെയോ... ഇവിടെ ട്രാൻസ്ഫറിന്റെ പേരിൽ യൂണിയൻ ഭേദമന്യേ തൊഴിലാളികളെ കഷ്ടപ്പെടുത്തി. ഇഷ്ടക്കാർമാത്രം സുരക്ഷിത സ്ഥാനങ്ങളിൽ കയറിക്കൂടി.

### ട്രാൻസ്ഫർ ഗൈഡ് ലൈനും SRS ഉം

ജനറൽ ട്രാൻസ്ഫർ എങ്ങനെ നടത്തണമെന്നതിന്റെ നിയമമാണ് ഗൈഡ് ലൈൻ ബോർഡ് ഓർഡർ. അംഗീകൃത യൂണിയനുകളുമായി ചർച്ച നടത്തിയതിനുശേഷം പുറത്തിറക്കിയതാണ് ഗൈഡ്ലൈൻ. എന്നാൽ, ചർച്ചയിൽ തീരുമാനമെടുത്ത പല കാര്യങ്ങൾക്കും വിരുദ്ധമാണ് ബോർഡുത്തരവ്. ഭരിക്കുന്നത് തങ്ങളായതുകൊണ്ട് ചിലതൊക്കെ ചെയ്യുമെന്നാണ് പറയുന്നത്. എന്നാലും ബോർഡ് ഓർഡർ ആയിക്കഴിഞ്ഞാൽ അനുസരിക്കേണ്ടിവരും. മേൽ ബോർഡ് ഓർഡർ അനുസരിച്ച് പ്രാക്ടിക്കലായി എങ്ങനെ പ്രോഗ്രാം ചെയ്യുമെന്നുള്ളത് പ്രതിപാദിക്കുന്ന ഉത്തരവാണ് SRS ബോർഡ് ഓർഡർ.

ഓൺലൈൻ ട്രാൻസ്ഫർ ഉത്തരവുകൾ SRS അനുസരിച്ചായിരിക്കണം പുറത്തിറക്കേണ്ടത്. എന്നാൽ ഇവിടെ പുറത്തിറങ്ങിയ ഉത്തരവുകൾ SRS ന് വിരുദ്ധമാണ്. SRS പ്രകാരം Day Distance formula ഉപയോഗിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഒരു തൊഴിലാളി ജോലി ചെയ്ത സ്ഥലത്തെ ദൂരംകൊണ്ട് ദിവസങ്ങളുടെ എണ്ണം ഗണിക്കുമ്പോൾ കിട്ടുന്നതാണ് eligibiltiy. അത് ഇവിടെ പ്രയോഗികമായിട്ടില്ല. 2 വർഷം കാസർഗോഡ് നിന്നവർക്ക് ട്രാൻസ്ഫർ ലഭിച്ചിട്ടില്ല. എന്നാൽ 3 മാസം കഴിഞ്ഞ ബന്ധുക്കൾക്ക് കിട്ടി. ചോദിക്കുമ്പോൾ പറയുന്നത് ക്യൂവിൽ ആണെന്നാണ്. ടെലിഫോൺ കമ്പനികൾപോലും അവരുടെ ക്യൂ സിസ്റ്റം പെട്ടെന്ന് മാറ്റുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. domicile നിന്നും വർഷങ്ങളായി മാറി ജോലി ചെയ്തവർ തഴയപ്പെട്ടു. കമ്പ്യൂട്ടറിനും പ്രോഗ്രാമർക്കും IT Wing നും പറ്റിയ തെറ്റിന്റെ ശിക്ഷ തൊഴിലാളിക്ക്. Online programming testing നടത്തിയോ (ഇത് ശരിയാണെന്ന് ഒരു ഏജൻസി certify ചെയ്യേണ്ടേ) സിസ്റ്റം സ്റ്റഡി ഗ്രൂപ്പായി നടത്തിയോ പോഗ്രാം ഉണ്ടാക്കിയ വ്യക്തിതന്നെ അത് run ചെയ്യുന്നു. വാഹനം ഉണ്ടാക്കുന്ന കമ്പനിതന്നെ KSRTC യുടെ ജോലിയും വർക്ക്ഷോപ്പ് ജോലിയും എല്ലാം ഏറ്റെടുത്താൽ എങ്ങനെയിരിക്കും. ഇവിടെ അതാണ് സംഭവിച്ചത് ഗൈഡ്ലൈൻ ചർച്ചയിൽ ഞങ്ങൾ ആവശ്യപ്പെട്ടതാണ് ഒരു കരട് ലിസ്റ്റ് ആദ്യമേ പുറത്തിറക്കണമെന്നും അപാകതകൾ പരിഹരിച്ചതിനുശേഷമേ അന്തിമലിസ്റ്റ് പുത്തിറക്കാവൂ എന്നും. എന്നാൽ തങ്ങളാണ് ശരിയെന്നുള്ള തീരുമാനമാണ് എല്ലാം ശരിയാക്കിയത്. IT യിലെ നേതാവ് വിദഗ്ധ ഏജൻസിയെക്കൊണ്ട് ഈ പ്രോഗ്രാമിന്റെ validtiy test ചെയ്യണമെന്ന് ഞങ്ങൾ തുടക്കം മുതലേ ആവശ്യപ്പെടുന്നു. ഓൺലൈനിൽ ട്രാൻസ്ഫർ ഇറക്കുന്ന സ്ഥലങ്ങളിൽ ഒക്കെത്തന്നെ testing, validation നടത്താറുണ്ട്. ട്രാൻസ്ഫറിന്റെ ഉടമസ്ഥൻ ചീഫ് എഞ്ചിനീയർ (HRM), അതായത് പ്രോഗ്രാമിന്റെ ഉടമസ്ഥൻ ചീഫ് എഞ്ചിനീയർ (HRM) പക്ഷേ അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ കീഴിലുള്ളവർക്കോ ഇത് ഉപയോഗിക്കാൻ സാധിക്കുമോ. ഞാനാണ് എല്ലാം..... ഞാനാണ് ബ്രഹ്മാവ് എന്ന് പറയുന്ന IT വിദഗ്ധൻ ഉൾപ്പടെയുള്ള ചിലർക്കല്ലെ ഇത് ഉപയോഗിക്കാൻ സാധിക്കൂ. ചീഫ് എഞ്ചിനീയർ (HRM) ഉം എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ സ്റ്റാഫും കൂടിയാണ് ഈ പ്രോഗ്രാം റൺ ചെയ്യേണ്ടുന്നത്. വർക്കേഴ്സിന്റെ ട്രാൻസ്ഫറിൽ കഴിഞ്ഞവർഷം ട്രാൻസ്ഫർ ചെയ്യപ്പെട്ടവന് വീണ്ടും ട്രാൻസ്ഫർ, ഇത് ഏത് ഗൈഡ്ലൈനിൽ പറഞ്ഞതാണ്. ഇലക്ട്രിസിറ്റി വർക്കറെ 50 Km അകലേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. ആരോട് പറയാൻ.... എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലെ സ്റ്റാഫിനോട് പറഞ്ഞാൽ പറയും "Beyond our cotnrol" ഞങ്ങൾക്കുമപ്പുറം... ഞങ്ങൾക്ക് ഒരു റോളുമില്ല വലിയവർ ഉന്നതങ്ങളിൽ. ഇവിടെ പ്രോഗ്രാമുമായി ബന്ധപ്പെട്ട ജോലിയുടെ മേൽനോട്ടം വഹിക്കുന്നവർ കമ്പ്യൂട്ടറിന്റെ ഏക്കന്നാ പൂക്കന്നാ അറിയില്ലാത്തവരാണ്.

പരീക്ഷണം നടത്തി കഴിഞ്ഞ 2 വർഷങ്ങളിൽ തൊഴിലാളിയെ വഞ്ചിച്ചു. ഇനിയും അത് ആവർത്തിക്കുവാൻ പാടില്ല. തുടരാനാണെങ്കിൽ ശക്തമായ പ്രതിഷേധത്തെ നേരിടേണ്ടി വരും. ജനറൽ ട്രാൻസ്ഫർ പ്രകാരം ട്രാൻസ്ഫർ ലഭിച്ചവരെ വീണ്ടും വീണ്ടും സ്ഥലം മാറ്റുന്നു. കാരണം പറയുന്നത് തെറ്റുപറ്റി..... മൊത്തം തെറ്റാണ് സംഭവിച്ചത്. തൊഴിലാളികൾ തിരിച്ചറിയൂ. അംഗീകൃത യൂണിയനുകളുമായി ചർച്ച നടത്തിയാൽ മിനിറ്റ്സ് നൽകേണ്ടേ. അഥവാ മിനിറ്റ്സ് നൽകിയാൽ വ്യാജമായി എഴുതി ചേർക്കുന്നു. സംഭവാമി യുഗേ യുഗേ ... എല്ലാം ശരിയാക്കി... ശരിയാക്കിക്കൊണ്ടിരിക്കുന്നു.

ഈ കുഴപ്പങ്ങൾക്കൊക്കെ കാരണം IT രംഗത്തെ വിദഗ്ദ സേവനം തേടാത്തവർ ഒരു വശത്തും മറ്റൊരു വശത്ത് സ്വന്തം അജണ്ട നടപ്പാക്കാനുള്ള ചിലരുടെ ശ്രമങ്ങളും. IT യുടെ തലപ്പത്തോ തലപ്പത്തല്ലെങ്കിൽ തലപ്പത്തേതുപോലെ കൈകാര്യം ചെയ്യുന്ന ഓഫീസർക്കോ IT Qualification ഉണ്ടോ. IT യുടെ ABCD അറിയാത്തവർക്ക് MIS ന്റെ 3-ാം നിലയിലും 8-ാം നിലയിലുമെല്ലാം നിരത്തിപ്പിടിച്ച് സ്വന്തമായി ക്യാബിൻ (ചെയർമാനുപോലും ക്യാബിൻ, ഒന്നേയുള്ളു.) (സാധാരണ വർക്കർക്കും ലൈൻമാനും CEA regulation അനുസരിച്ച് qualification വേണമെന്ന് പറയുന്നവർ ആദ്യം ഉന്നതങ്ങളിൽ മാറ്റം വരുത്തട്ടെ. MIS ൽ ഇരുന്ന് മാത്രം കമ്പ്യൂട്ടറിൽ അൽപജ്ഞാനം ലഭിച്ച വ്യക്തി പ്രോഗ്രാം നിയന്ത്രിച്ചാൽ എങ്ങനെയിരിക്കും. ഇവിടെ എല്ലാം ഇങ്ങനെയാണ്. സേഫ്റ്റി ചീഫ് എഞ്ചിനീയർക്ക് സേഫ്റ്റിയെക്കുറിച്ചോ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിനെക്കുറിച്ചോ അറിയാമോ. അദ്ദേഹം ഇലക്ട്രോണിക്സ് എഞ്ചിനീയറാണ്. മാത്രവുമല്ല ഫീൽഡ് എക്സ്പീരിയൻസ് ഒന്ന് പരിശോധിച്ചാൽ കൊള്ളാം, IT നയിക്കുന്നവർ IT Expert അല്ല. ഇലക്ട്രിക്കൽ സേഫ്റ്റി വിദഗ്ദൻ ഇലക്ട്രിക്കൽ എഞ്ചിനീയർ അല്ല. ഡാം സേഫ്റ്റി തലവൻ മെക്കാനിക്കൽ എഞ്ചിനീയർ അവിടെ സിവിൽ എഞ്ചിനീയർ വേണ്ടേ. ഇവിടെ നടക്കുന്നത് എന്താണ് ഒതുക്കൽ.) എല്ലാവരേയും എല്ലാ വിഭാഗത്തേയും (മിനിസ്റ്റീരിയൽ, സിവിൽ, ഇലക്ട്രിക്കൽ) ഒതുക്കി ഒതുക്കി എല്ലാം തങ്ങളുടെ നേതൃത്വത്തിലുള്ള സൊസൈറ്റികളുടെ കീഴിലാക്കാനുള്ള നീക്കത്തിന്റെ ഭാഗം.... BJP യുടെ കേന്ദ്ര നയത്തെക്കാൾ ഭയാനകം... ഭീകരം... 1998 ആവർത്തിക്കാൻ ഈ കപട ബുദ്ധിജീവികളെ .... അല്ല ബുദ്ധിയില്ലാത്ത ജീവികളെ അനുവദിക്കരുത്. 2019-ലെ ജനറൽ ട്രാൻസ്ഫറിന് മുമ്പ് ഇവിടുത്തെ 'പൊട്ട' പ്രോഗ്രാം IT രംഗത്തെ വിദഗ്ദ ഏജൻസി പരിശോധിക്കണം. യൂണിയൻ പ്രതിനിധികളെ, ജീവനക്കാരെ ബോധ്യപ്പെടുത്താനും അല്ലാതെയുള്ള ഏത് ശ്രമത്തേയും കോൺഫെഡറേഷൻ നിയമപരമായി നേരിടും ജാഗ്രതൈ... ഇക്കാര്യത്തിൽ യൂണിയൻ ഭേദമന്യേ എല്ലാ വിഭാഗം തൊഴിലാളികളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. IT രംഗം പൊളിച്ചെഴുതേണ്ടേ.





സംസ്ഥാന പ്രതിനിധി സമ്മേളനത്തിനുശേഷം സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ നടന്ന ആദ്യ സംസ്ഥാന കൗൺസിൽ (വി.പി. മരയ്ക്കാർ സ്മാരക മന്ദിരം) രക്ഷാധികാരി ശ്രീ. കെ. മുരളീധരൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.



**നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്ന**
**എം.എസ്. റാവുത്തർ സ്മാരകമന്ദിരം**
(നിലവിലുള്ള യൂണിയൻ ഓഫീസായ വി.പി.മരയ്ക്കാർ സ്മാരക മന്ദിരത്തിന് സമീപം, തിരുവനന്തപുരം)

# സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കൽ: ഗൂഢാലോചന വെട്ടി നിരത്തലും പിൻവാതിൽ നിയമനവും

ഇടതു സർക്കാർ അധികാരത്തിൽ വരുമ്പോഴൊക്കെ വൈദ്യുതി ബോർഡിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാകാറുണ്ട്. 1998-ലെ ഊർജ്ജ നയത്തിന്റെ തുടർച്ചയായുള്ള വികലമായ പരിഷ്ക്കരണങ്ങളാണ് ഇതിന് പ്രധാന കാരണം. 2006-11ലെ ഇടതു ഭരണത്തിനു ശേഷം UDF സർക്കാർ അധികാരത്തിലെത്തുമ്പോൾ 3998.89 കോടിയായിരുന്നു ബോർഡിന്റെ സാമ്പത്തിക കമ്മി. പക്ഷേ ഈ സാമ്പത്തിക കമ്മിയുടെ പേരിൽ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കാനോ ആനുകൂല്യങ്ങൾ നിഷേധിക്കുവാനോ മാനദണ്ഡങ്ങൾ ലംഘിച്ച് ട്രാൻസ്ഫർ ചെയ്യുവാനോ UDF സർക്കാർ തയ്യാറായില്ല മറിച്ച് ചിട്ടയായ ആസൂത്രണത്തിലൂടെ 2015-16 സാമ്പത്തിക വർഷത്തിൽ ബോർഡിന്റെ സാമ്പത്തിക കമ്മി 313.43 കോടിയിലെത്തിച്ചു. എന്നാൽ തുടർന്ന് അധികാരത്തിൽവന്ന LDF സർക്കാർ 2016-17 ലെ സാമ്പത്തിക കമ്മിയായ 1494.63 കോടിയുടെ പേരിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാനും നിയമന നിരോധനം ഏർപ്പെടുത്താനും ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കാനുമാണ് ശ്രമിച്ചത്. കരാർ നിയമനം സാധ്യമാകുന്ന തസ്തികകൾ മാത്രമാണ് സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ വെട്ടിനിരത്തലുണ്ടാക്കുന്നത്. സ്ഥിരം ജീവനക്കാരുടെ എണ്ണം കുറച്ച ശേഷം ആ തസ്തികകളിൽ വ്യാപകമായ പിൻവാതിൽ നിയമനം നടത്തുന്നതിൽനിന്നും PSC നിയമനം അട്ടിമറിക്കുന്നതിനു വേണ്ടിയുള്ള ഗൂഢാലോചനയുടെ ഭാഗമാണ് സാമ്പത്തിക പ്രതിസന്ധിയെന്ന ഇടതു പ്രചാരണം എന്ന് വസ്തുത വ്യക്തമാക്കുന്നത്. കാഷ്യർ, സീനിയർ അസിസ്റ്റന്റ്, വർക്കർ നിയമനങ്ങൾ നടത്തേണ്ടേ. ലാഭം പ്രതീക്ഷിക്കുന്നത് താഴെത്തട്ടിൽ നിയമന നിരോധനം നടത്തിയാണോ.

## ▶ IIM Report

ഏതെങ്കിലും ഒരു ഏജൻസിയെക്കൊണ്ട് തങ്ങൾ ഉദ്ദേശിക്കുന്ന രീതിയിൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുക. പ്രസ്തുത പഠന റിപ്പോർട്ടിനെ മറയാക്കി ജീവനക്കാരെ വേട്ടയാടുക തുടങ്ങിയ കാര്യങ്ങൾ ഇടതു ഭരണത്തിലെ നിത്യ സംഭവങ്ങളാണ്. Task Force Report, Price Water House Cooper Consultancy Report തുടങ്ങിയവ അതിൽ ചിലതുമാത്രമാണ്. ആ വിഭാഗത്തിൽ ഏറ്റവും അവസാനത്തെയാണ് IIM റിപ്പോർട്ട്. 56 ലക്ഷം രൂപ മുടക്കി തയ്യാറാക്കിയ ഈ റിപ്പോർട്ടിൽ ബോർഡിന്റെ സമഗ്രവികസത്തെക്കുറിച്ചോ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനെക്കുറിച്ചോ യാതൊരു നിർദ്ദേശവുമില്ല. ഏറ്റവും വലിയ കണ്ടെത്തൽ ഏതാനും ജീവനക്കാരുടെ എണ്ണം കുറയ്ക്കുക എന്നതായിരുന്നു. തൊഴിലാളികൾക്ക് ഗുണകരമല്ല എന്ന കാരണത്താൽ UDF സർക്കാർ തള്ളിക്കളഞ്ഞ റിപ്പോർട്ട് ഏതാനും ഇടത് യൂണിയൻ നേതാക്കളുടെ നിർദ്ദേശാനുസരണം വർക്ക്മെൻ വിഭാഗത്തിന് ദോഷകരമായ രീതിയിൽ പടച്ചുണ്ടാക്കി നൽകുകയാണ് IIM ചെയ്തത്. ത്രികക്ഷി കരാറിന്റേയും വൈദ്യുതി നിയമം സെക്ഷൻ 133 ന്റെയും ലംഘനമാണ് IIM റിപ്പോർട്ട്, യൂണിയനുകളുമായി ചർച്ച ചെയ്യാതെ ഏകപക്ഷീയമായി നടപ്പിലാക്കുന്നതിലൂടെ ഈ സർക്കാർ ചെയ്യുന്നത്. IIM റിപ്പോർട്ട് നടപ്പിലാക്കാൻ INTUC യാതൊരു കാരണവശാലും അനുവദിക്കില്ല.

## ▶ ജീവനക്കാർ കൂട്ടത്തോടെ വിരമിക്കും

വൈദ്യുതി ബോർഡിൽ ജീവനക്കാർ അധികമാണെന്ന് പ്രചരണം നടത്തുന്നർ മനസ്സിലാക്കേണ്ട ഒരുകാര്യം അടുത്ത 6 വർഷത്തിനുള്ളിൽ 9600-ൽ പരം ജീവനക്കാർ വിരമിക്കും എന്നകാര്യമാണ്. 2021-ൽ ഇപ്പോഴുള്ള ജീവനക്കാരിൽ 4300-ൽപരം പേർ വിരമിക്കും. 2024-ൽ ഇപ്പോഴുള്ളതിൽ 9600-ൽപ്പരം പേർ വിരമിക്കും എന്നിട്ടും ജീവനക്കാർ കൂടുതൽ ബോർഡിന് പ്രതിസന്ധി എന്നൊക്കെ വ്യാജ പ്രചരണം നടത്തുന്നവരുടെ പൊള്ളത്തരം ജീവനക്കാർ തിരിച്ചറിയണം.

## ▶ വൈദ്യുതി നിയമഭേദഗതി കേന്ദ്ര കേരള സർക്കാർ കുത്തകകളുടെ ഏറ്റുമുട്ടൽ

കേന്ദ്രവും കേരളവും സ്വകാര്യ മുതലാളിമാരെ റെഡിയാക്കി നിർത്തിയിട്ടുണ്ട്. കേരളത്തിലെ വൈദ്യുതി മേഖല തീറെഴുതാൻ വൈദ്യുതി നിയമഭേദഗതി ബിൽ പാസ്സായാൽ കേരളത്തിലെ വൈദ്യുതി മേഖല കേന്ദ്ര സർക്കാർ ഊട്ടി വളർത്തുന്ന കുത്തകകളുടെ കൈകളിലെത്തും. ബിൽ പാസ്സായില്ലെങ്കിൽ കേരളത്തിലെ വൈദ്യുതി മേഖല ഇടത് സർക്കാരിന്റെ ബിനാമികളായുള്ള കുത്തകകളുടെ കൈകളിലെത്തും. ഫലത്തിൽ വൈദ്യുതി നിയമഭേദഗതി എന്നത് കേന്ദ്രത്തിന്റെ കുത്തകകളും ഇടത് സർക്കാരിന്റെ കുത്തകകളും തമ്മിലുള്ള ബലപരീക്ഷണമാണ്. വൈദ്യുതി നിയമം 2003 നിലവിൽ വരുന്നതിന് 5 വർഷംമുമ്പ്തന്നെ ബോർഡിനെ പ്രോഫിറ്റ് സെന്റർ കമ്പനികളാക്കി സ്വകാര്യവൽക്കരണ അജണ്ട നടപ്പിലാക്കാൻ ശ്രമിച്ചവർ ഇപ്പോൾ സ്വകാര്യവൽക്കരണത്തിന്റെ വിമർശകരായി ഇറങ്ങിയിരിക്കുന്നത്. കേരളത്തോടൊ ജീവനക്കാരോടൊ പ്രതിബദ്ധത ഉണ്ടായിട്ടല്ല, വർഷങ്ങളായി ഇടതുപക്ഷം കാത്ത് സൂക്ഷിക്കുന്ന വിതരണമേഖല ഉൾപ്പടെയുള്ളവ കേന്ദ്ര കുത്തകകൾ കൊത്തിയെടുക്കുമോ എന്ന ഭയത്തിലാണ്.

## ▶ KFON സ്വകാര്യവൽക്കരണ അജണ്ട

KSEB Ltd -ന്റെ Distribution Transmission പോളുകൾ ഉപയോഗപ്പെടുത്തി 20 ലക്ഷത്തിൽപ്പരം BPL കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് നൽകുമെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയാണ് KFON. എന്നാൽ KFON മായി ബന്ധപ്പെട്ട് KSEBL ന് ദോഷകരമായ തീരുമാനം നേരത്തെ തന്നെ അണിയറയിൽ തയ്യാറാക്കിയിരുന്നു. അതായത് KSEBL ന്റെ infrastructure ലൂടെ ഇതേവരെ നടന്നുകൊണ്ടിരുന്ന Cable TV pole rental, Optical Fibre lease എന്നിവ പുതുക്കാനോ പുതുതായി വാടകയ്ക്ക് കൊടുക്കാനോ KSEB Ltd ന് അവകാശമുണ്ടായിരിക്കില്ല. ഫലത്തിൽ KSEBL ന് പ്രതിവർഷം pole rent ഇനത്തിൽ കിട്ടിയിരുന്ന 18 കോടിയും Fibre rent ഇനത്തിൽ കിട്ടിക്കൊണ്ടിരുന്ന 3 കോടിയും ചേർത്ത് പ്രതിവർഷം 21 കോടി നഷ്ടം. കൂടാതെ KSEBL LD operation ന്റെ ഭാഗമായി 3600 km optical fibre പുതിയതായി പാലിക്കുവാൻ തീരുമാനിച്ചു. അതിനുള്ള ചിലവിന്റെ 50 ശതമാനം കേന്ദ്രഗവൺമെന്റ് തരാമെന്ന് സമ്മതിച്ചു. KSEBL ന് നിസ്സാര ചിലവിൽ 3600 km fibre ശൃംഖല ഉണ്ടാക്കാമായിരുന്നു. ഇപ്പോഴത്തെ അവസ്ഥയിൽ tender വിളിക്കണമെങ്കിൽ KFON cor-e committee യുടെ സമ്മതം വേണം. ഇത് KSEBL സ്വന്തം നിലയ്ക്ക് ചെയ്തിരുന്നുവെങ്കിൽ നമ്മുടെ ഉപയോഗത്തിനുശേഷമുള്ള Fibre വാടകയ്ക്ക് കൊടുത്തിരുന്നെങ്കിൽ 500 KM 3 കോടി എന്ന കണക്കിൽ പ്രതിവർഷം 20 കോടിയുടെ വരുമാനം KSEBL ന് ലഭിക്കുമായിരുന്നു. കൂടാതെ KFON ന്റെ implementation നെക്കുറിച്ച് DPR ന്റെ chapter 9 ൽ പറഞ്ഞിരിക്കുന്നത് സൂക്ഷ്മമായി പരിശോധിച്ചാൽ ഭാവിയിൽ നമ്മുടെ infrastructure പ്രൈവറ്റ് കമ്പനിയുടെ അധീനതയിലാകും എന്ന് വ്യക്തമാകും. ആയതുകൊണ്ട് KFON പദ്ധതി ഈ രൂപത്തിൽ നടത്താൻ അനുവദിച്ചാൽ ബോർഡിന് പ്രതിവർഷം 65 കോടിയോളം രൂപ നഷ്ടം വരും. നമ്മുടെ infrastructure സ്വകാര്യ വ്യക്തികളുടെ കൈകളിലെത്തുകയും ചെയ്യും. KSEBL ന്റെ വരുമാനം open access വഴി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇപ്പോഴത്തെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന KFON പദ്ധതി എതിർക്കപ്പെടേണ്ടതാണ്.

## ▶ എന്താണ് PMU

PMU-ന്റെ പേരിൽ സെക്ഷൻ ഓഫീസുകൾ ഇല്ലാതാക്കാനല്ലേ ശ്രമിക്കുന്നത്. അതുവഴി വർക്കർ ലൈൻമാൻ നിയമനങ്ങളും നിരോധിക്കാനാ ണ് ശ്രമം. 1998 ആവർത്തിക്കുകയാണിവിടെ. 1998-ലെ ഇടതു യൂണിയനുകളുടെയും ഓഫീസേഴ്സ് അസോസിയേഷൻ എന്ന കുത്തകയുടെയും അജണ്ടയാണിത്. ഒരു ജില്ലയിലെ കാര്യങ്ങൾ മുഴുവൻ ഒരാളിലേയ്ക്ക് എത്തിയാൽ പിന്നെ സെക്ഷൻ ഓഫീസ് വേണ്ടല്ലോ. തങ്ങളുടെ സൊസൈറ്റികൾ 1998 ൽ തന്നെ സൃഷ്ടിച്ചിട്ടുണ്ടല്ലോ. 1998-ലെ നയം പൂർത്തിയാക്കാതിരുന്നത് പിന്നീട് UDF സർക്കാർ ഭരണത്തിൽ വന്നതുകൊണ്ടാണ്. CITU, AITUC സംഘടനകൾ എന്തേ കണ്ണടച്ച് ഇരുട്ടാക്കുന്നത് തുറന്നു പറയൂ.... തൊഴിലാളി ഐക്യം എല്ലാ മേഖലയിലും വേണം അല്ലാതെ കേന്ദ്ര ഗവൺമെന്റിനെതിരെമാത്രം പോരാ.

## കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെ കെ.ഇ.ഇ.സി നേതൃത്വം നൽകുന്ന യു.ഡി.ഇ.ഇ.എഫ് 18.12.2018 ന് നടത്തിയ ധർണ്ണ വിവിധ ജില്ലകളിലൂടെ

| ജില്ല | ഉദ്ഘാടനം |
|---|---|
| കണ്ണൂർ | **സതീശൻ പാച്ചേനി** (DCC പ്രസിഡന്റ്) (KEEC ജില്ലാ പ്രസിഡന്റ്) |
| കോഴിക്കോട് | **കെ.മുരളീധരൻ** MLA (KEEC രക്ഷാധികാരി)<br>**ടി. സിദ്ദീഖ്** (DCC പ്രസിഡന്റ്) P.M സുരേഷ് ബാബു,<br>**കെ.സി.അബു, കെ.പ്രവീൺ കുമാർ** |
| വയനാട് | N.D **അപ്പച്ചൻ** Ex. MLA (KEEC ജില്ലാ പ്രസിഡന്റ്) |
| മലപ്പുറം | **വി.വി പ്രകാശ്** (DCC പ്രസിഡന്റ്) (KEEC ജില്ലാ പ്രസിഡന്റ്) |
| തൃശ്ശൂർ | **ജോസ് വെള്ളൂർ** (DCC വൈസ് പ്രസിഡന്റ്) |
| പാലക്കാട് | **വി.കെ. ശ്രീകണ്ഠൻ** (DCC പ്രസിഡന്റ്)<br>**പി.ജെ പൗലോസ്** KEEC ജില്ലാ പ്രസിഡന്റ് |
| എറണാകുളം | **ബെന്നിബെഹനാൻ** (UDF കൺവീനർ),<br>**കെ.പി.ധനപാലൻ**, KEEC സംസ്ഥാന പ്രസിഡന്റ്<br>**ഹൈബി ഈഡൻ** MLA |
| ആലപ്പുഴ | **എ.എ. ഷുക്കൂർ** (KEEC ജില്ലാ പ്രസിഡന്റ്) |
| ഇടുക്കി | **റോയി കെ പൗലോസ്**<br>(KPCC Ex. മെമ്പർ, KEEC ജില്ലാ പ്രസിഡന്റ്) |
| കോട്ടയം | **അഡ്വ.ബിജു പുന്നത്താനം** (DCC വൈസ് പ്രസിഡന്റ്) |
| പത്തനംതിട്ട | **അഡ്വ.അടൂർ പ്രകാശ്** MLA<br>(KEEC ജില്ലാ പ്രസിഡന്റ്)<br>**പി.മോഹൻരാജ്**(മുൻ DCC പ്രസിഡന്റ്)<br>**എ.ംസുദ്ദീൻ** (INTUC ജില്ലാ പ്രസിഡന്റ്) |
| കൊല്ലം | **പ്രതാപവർമ്മ തമ്പാൻ** (മുൻ DCC പ്രസിഡന്റ്) |
| തിരുവനന്തപുരം | **പാലോട് രവി** (INTUC അഖിലേന്ത്യാ സെക്രട്ടറി)<br>**അഡ്വ.ജി.സുബോധൻ** (INTUC സംസ്ഥാന വൈസ് പ്രസിഡന്റ്)<br>**ചാല നാസർ** (INTUC സംസ്ഥാന ഭാരവാഹി) |



എം.എസ്.റാവുത്തർ 5-ാം ചരമ വാർഷിക അനുസ്മരണം പ്രതിപക്ഷനേതാവ് ശ്രീ രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യുന്നു. കെ.ഇ.ഇ.സി. പ്രസിഡന്റ് ശ്രീ. കെ.പി. ധനപാലൻ എക്സ് എം.പി., ജനറൽ സെക്രട്ടറി എ. ഷാഹുൽ ഹമീദ്, യു.ഡി.ഇ.ഇ.എഫ്. ജനറൽ സെക്രട്ടറി കെ.സി. രാജൻ, ഐഎൻറ്റിയുസി നേതാക്കളായ അഡ്വ. ജി. സുബോധൻ, ചാല നാസർ എന്നിവർ സമീപം.

**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) സിന്ദാബാദ്,**
**കെ. മുരളീധരൻ MLA, കെ.പി. ധനപാലൻ Ex MP, എ.ഷാഹുൽ ഹമീദ് സിന്ദാബാദ്....**

Orange Printers Pvt.Ltd. 0471 4010905